ഈ കുടുംബത്തിന്റെ സംസ്കൃതഭാഷയിലെ കൃതികളുടെ കയ്യെഴുത്തു പ്രതികളെപറ്റിയുള്ള ഈ പഠനം ഈ പ്രദേശങ്ങളിലെ സംസ്കൃതസാഹിത്യത്തിന്റെയും പഠനത്തിന്റെയും വ്യാപ്തി വ്യക്തമാക്കുന്നു. ഏതാ് 150 വർഷം ഒരു കല്പിത സർവ്വകലാശാലയെപ്പോലെ ഈ പണ്ഡിതന്മാർ ഒന്നിച്ച് പ്രവർത്തിച്ചു. ഈ കുടുംബത്തിന്റെ പശ്ചാത്തലത്തിൽനിന്നും വേദാന്തപണ്ഡിതനായ ശങ്കരക്കുറുപ്പിന്റെ പുത്രൻ സ്വാമി സദാനന്ദസരസ്വതി പിൽക്കാലത്ത് ഹോളിലെ ഹാർലം കേന്ദ്രമാക്കി പ്രവർത്തിച്ച് യോഗവേദാന്തമന്ദിരത്തിന്റെ സ്ഥാപകനായിതീർന്നു. യോഗസൂത്രത്തിനും ഗീതക്കും ഭാഷ്യം രചിച്ച ഇദ്ദേഹം (-1983) മറ്റൊരു പ്രഖ്യാത സംസ്കൃതപണ്ഡിതനായിരുന്നു.

ഈ കവികുടുംബം സ്തോത്രങ്ങൾക്കും ശാസ്ത്രപഠനങ്ങൾക്കും അവയുടെ വ്യാഖ്യാനങ്ങൾക്കുമായിരുന്നു ക്ലാസിക്കൽ പാരമ്പര്യത്തിൽ പ്രാധാന്യം നൽകിയിരുന്നത്. എന്നാൽ അവർക്കു ഭാരതീയ സംസ്കൃതസാഹിത്യത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവരാൻ കഴിയാതെ പോയി. അധികമാരും അറിയാതെ കടന്നുപോയ ഒരു വസന്തകാലം. എന്നാൽ അതിന്റെ

പരിമളം ഉത്തരകേരളത്തിന്റെ ഒരു പാരമ്പര്യമായി ഇന്നും നില നിൽക്കുന്നു. അവർ പൂരക്കളി എന്ന പൈതൃകത്തിന് ചിദംബര നാടകം മുതലുള്ള സൃഷ്ടികളാൽ ഒരു പുതു ചൈതന്യം നൽകി. പൂരക്കളി ഇന്നും അനൗപചാരികമായ ഒരു വിദ്യാഭ്യാസ രീതീ യായി നിലനിൽക്കുന്നു. ഇത്തരത്തിൽ സംസ്കൃതഭാഷയു ടെയും സാഹിത്യത്തിന്റെയും ഒരു പ്രഭവകേന്ദ്രമായി ഈ കുടുംബം 150 വർഷത്തോളം അതിന്റെ പൈതൃകം പ്രചരിപ്പി ച്ചുവന്നു.

ശിലാസ്ഥാപനം
17.10.2010

കുഞ്ഞുണ്ണിക്കുറുപ്പ്

(1813 - 1885)

ദേവീമാഹാത്മ്യം സ്തോത്രം

പ്രഥമസർഗം

കിഞ്ചിത് കാലദിഗാദ്യമേയമുപമോപാധ്യാദിഹീനം പരം
സത്താമാത്രമതീന്ദ്രിയം ഭവതി യത്പൂർണം സുഖം ശാശ്വതം
യച്ഛക്ത്യാ ബഹുധാ തു വിശ്വപരിണാമത്വേന ഭാത്യേവ തത്-
താവത്താം പ്രണതോളസ്മി ശംഭുമഹിഷി! ത്വാം ദേവി! മായാമയീം 1

കാലം, ദേശം, നിമിത്തം ഇവകൊും അളപ്പാൻ വയ്യാതെ ഉപമ, ഉപാധി മുതലായവയെ വിട്ടുനില്ക്കുന്നതായും, ഇന്ദ്രിയാതീതമായും, ശാശ്വതമായും, സദ്ഭാവംമാത്രമായും കേവലമായും അനിർവ്വചനീയമായും പരിപൂർണ്ണമായും യാതൊരു സുഖമുോ (സച്ചിദ്രൂപമായ ബ്രഹ്മാനന്ദം എന്നു താത്പര്യം) ആ സുഖം യാതൊരു ദേവിയുടെ ശക്തികൊു ബഹുപ്രകാരം വിശ്വമായി പരിണമിച്ചിരിക്കുന്നു, അപ്രകാരമിരിക്കുന്ന അല്ലയോ ശംഭുമഹിഷി! ശ്രീപാർവ്വതീദേവി! മായാസ്വരൂപിണിയായ നിന്തിരുവടിയെ ഞാൻ നമസ്കരിക്കുന്നു.

ജീവത്വേന പൃഥഗ്വയാ സ പുരുഷോപ്യേകഃ സ്വയം ഭാസതേ
നാനാരൂപചരാചരേഷു സവിതേവാബ്ധ്യംബുനദ്യംബുഷു
യാ ജന്തൂൻ സ്വവിലാസജേഷു വിഷയേഷ്വാബ്രഹ്മകീടം സദാ
വ്യാസക്താൻ ഭവസാഗരേ ഭ്രമയതി ത്വാം ദേവ്യജാം താം ഭജേ. 2

നിരതിശയാനന്ദമായ ആ സുഖത്തെത്തന്നെ സാംഖ്യമതപ്രകാരം പുരുഷൻ എന്നു പറയുന്നു. ആ പുരുഷൻ സ്വയം ഏകൻ മാത്രമെങ്കിലും, യാതൊരു ദേവി നിമിത്തമായി ജീവഭാവം കയ്ക്കൊു സമുദ്രം, കിണർ, നദി, കുളം മുതലായ ജലാശയങ്ങളിൽ പ്രതിബിംബിച്ച സൂര്യബിംബം പോലെ നാനാരൂപങ്ങളായ ചരാചരങ്ങളിൽ വെവ്വേറെ വിളങ്ങുന്നുന്നുവോ, യാതൊരു ദേവി തന്റെ ലീലയിൽനിന്നുായ വിഷയങ്ങളിൽ ബ്രഹ്മാവു തുടങ്ങി കൃമികീടങ്ങൾവരെയുള്ള ജന്തുക്കളെ എപ്പൊഴും ആസക്തങ്ങളാക്കി സംസാരസമുദ്രത്തിൽ ചുറ്റിത്തിരിക്കുന്നുവോ അങ്ങിനെയിരിക്കുന്ന അല്ലയോ ദേവി! ജനനമരണാദികളില്ലാത്ത നിന്തിരുവടിയെ ഞാൻ ഭജിക്കുന്നു.

പീയൂഷദ്യുതിമണ്ഡലേ സതി സമസ്താധാരതത്തോപരി-
സ്ഥാനാരൂഢസഹസ്രപത്രജലജസ്യാന്തഃ സ്ഫുരത്യൂർജിതേ
ക്രീഡന്തീം വശിനഃ സദാ ശിവയുതാം ശ്രീചക്രരാജാത്മികേ
സന്തസ്ത്വാം കതിചിത് ഭജന്തി ഹി ചിദാനന്ദൈകധുര്യാത്മികാം. 3

അല്ലയോ ശ്രീചക്രരാജസ്വരൂപിണി! മൂലാധാരം, സ്വാധിഷ്ഠാനം, മണിപൂരകം,അനാഹതം, വിശുദ്ധി, ആജ്ഞ, ഇങ്ങിനെയുള്ള ആധാരതത്ത്വങ്ങൾക്കും ഉപരിസ്ഥാനത്തിൽ ആരോഹിച്ചിരിക്കുന്ന സഹസ്രദളപദ്മത്തിന്റെ അന്തർഭാഗത്തിൽ എത്രയും ഊർജ്ജസ്വലമായി പ്രകാശിക്കുന്ന ചന്ദ്രമണ്ഡലത്തിൽ സദാശിവനോടുകൂടി ക്രീഡിച്ചുകൊിരിക്കുന്നവളും ചിദാനന്ദസ്വരൂപിണിയുമായ നിന്തിരുവടിയെ ഇന്ദ്രിയങ്ങളെ ജയിച്ച ചില സജ്ജനങ്ങൾ ഭജിച്ചുകൊിരിക്കുന്നു എന്നത് പ്രസിദ്ധമാകുന്നു.

ബിന്ദ്വേകാഷ്ടദശദ്വയീമനുമിതത്ര്യശ്രൈർദ്വയൈരഷ്ടഭിർ-
ജ്ജുഷ്ടം ഷോഡശഭിസ്ത്രിഭിശ്ച വലയൈരുദ്യത്പ്രഭം ഭൂപുരൈഃ
ദ്വാരൈശ്ചാരു ബഹിശ്ചതുർഭിരപി തദ്ദേവ്യുർധശംഭോസ്തവ-
ക്ഷേത്രം മൂലമിദം സമസ്തജഗതാമാരാധ്യമാരാധയേ. 4

ബിന്ദു, ഏകത്രികോണം, അഷ്ടത്രികോണങ്ങൾ, രു ദശത്രികോണങ്ങൾ, പതിന്നാലു ത്രികോണങ്ങൾ ഇങ്ങിനെ ശക്തികോണങ്ങളായും എട്ടു ദളങ്ങൾ, പതിനാറു ദളങ്ങൾ, മൂന്നു വലയങ്ങൾ, മൂന്നു ഭൂപുരങ്ങൾ ഇങ്ങിനെ ശിവകോണങ്ങളായും, പുറമെ നാലുദ്വാരങ്ങളോടുകൂടിയും ഉജ്ജ്വലിക്കുന്ന അർദ്ധശംഭുവായ അതായത്, പകുതി ശക്തിയും പകുതി ശിവനുമായ നിന്തിരുവടിയുടെ ഈ ക്ഷേത്രം (ശ്രീചക്രം) സർവ്വജഗത്തുക്കൾക്കും ആരാദ്ധ്യമാകുന്നു. ആ ശ്രീചക്രത്തെ ഞാൻ ആരാധിക്കുന്നു!!

യത്തൂച്ചാരണമാത്രഗോചരമിഹ ബ്രഹ്മേതി തസ്മാത്പൃഥ-
ഗ്യത്കിഞ്ചിത് ഭവതി ത്വദന്യജനിതജ്ഞാനേന തത്കിഞ്ചന
തത്സർവാർഥവിധാന ഏകനിപുണാം ത്വാമേവ ചിന്താമണീം
സന്താപൗഘതമച്ഛിദം ത്രിജഗതാം മാതഃ! സദോപാശ്രയേ. 5

ബ്രഹ്മം എന്നത് കേവലം ഉച്ചാരണവിഷയം മാത്രമാകുന്നു. എന്നാൽ, അതിൽനിന്നു ഭിന്നമായി യാതൊന്നു അനിർവ്വചനീയമായ മായാസ്വരൂപമായി, അതായത് ഈ ജഗദാകാരമായി ഭവിക്കുന്നുവോ, അത് -ആ ജഗൽപ്രതീതി - നിന്തിരുവടിയുടെ ജ്ഞാനത്തിൽനിന്നല്ലാതെ കുറഞ്ഞൊന്നുപോലും മറ്റൊരു ജ്ഞാനം കൊും ഉായതല്ല. 'യതോ വാചോ നിവർത്തന്തേ അപ്രാപ്യമനസാ സഹ' ബ്രഹ്മത്തിൽ എത്തിച്ചേരാൻ സാധിക്കാതെ വാക്കുകൾ മനസ്സോടുകൂടി മടങ്ങിവരുന്നു എന്ന ശ്രുതിപ്രകാരം ബ്രഹ്മജ്ഞാനം വാക്കിന്നും അവിഷയമാകുന്നു. അതുകൊു അതിൽനിന്നു അന്യത്തായി ഏതെല്ലാം വസ്തുജ്ഞാനമുോ അവയെല്ലാം വാഗീശ്വരിയായ നിന്തിരുവടിയിൽ നിന്നുായതാകുന്നു എന്നു

താത്പര്യം. അതിനാൽ സകല കാര്യനിർമ്മാണത്തിലും അതിസമർത്ഥയും ഭക്തന്മാരുടെ അഭിലാഷം സാധിപ്പിച്ചുകൊടുക്കുന്ന ചിന്താമണിയും സന്താപസമൂഹത്തെ ഉന്മൂലനം ചെയ്യുന്നവളുമായ അല്ലയോ ത്രൈലോക്യമാതാവെ! നിന്തിരുവടിയെത്തന്നെ ഞാൻ എപ്പോഴും ആശ്രയിക്കുന്നു.

മധ്യേളത്യന്തകൃശം പൃഥുസ്തനയുഗേ പൈതന്നിതംബേ ഭൃശം
ഫുല്ലാംഭോജശരച്ഛശാങ്കസുഷമാസർവസ്വസാരം മുഖേ
പ്രത്യംഗം പരിഭൂഷിതം ബഹുവിധൈശ്ചാനർഘഭൂഷാഗണൈ-
സ്ത്വദ്രൂപം ഹൃദിഭാവയേ ഗിരിസുതേ! ബാലാർക്കകോട്യുജ്ജ്വലം. 6

അല്ലയോ ശൈലനന്ദിനി! മദ്ധ്യത്തിൽ അതികൃശമായും, സ്തനങ്ങളിലും അതേവിധംതന്നെ നിതംബസ്ഥലത്തിലും തടിയേറിയും, മുഖത്തിൽ വിടർന്നിരിക്കുന്ന താമരപ്പൂവിന്റെയും ശരൽക്കാലചന്ദ്രന്റേയും സൗഭാഗ്യാതിശയത്തെ വഹിച്ചും, അംഗങ്ങൾതോറും വിലമതിപ്പാൻ വയ്യാത്ത പലതരം ദിവ്യഭൂഷണങ്ങൾ അണിഞ്ഞും, ഉദിച്ചുയരുന്ന ബാലസൂര്യസമൂഹംപോലെ ഉജ്ജ്വലകാന്തിയെ പ്രസരിപ്പിച്ചുംകൊിരിക്കുന്ന നിന്തിരുവടിയുടെ സ്വരൂപത്തെ ഞാൻ മനസ്സിൽ ഭാവനം ചെയ്യുന്നു.

ചഞ്ചത്ഭ്രൂലതികോർമ്മികശ്ചടുലദൃങ്മീനപ്രസാരഃകരാം-
ഭ്രേല്യാഷ്ഠാഭ്യൈഃ ച്ഛുരിതഃ പ്രവാളനിഭഹൈർനാഭിഹ്രദാവർത്തകഃ
ഉത്തുംഗസ്തനവീക്ഷണീയവിനിമഗ്നാഗേന്ദ്രശൃംഗോന്നതിഃ
കേനാസാവുപമീയതേ തവ വപുർലാവണ്യരത്നാകരഃ. 7

നിന്തിരുവടിയുടെ ശരീരം ലാവണ്യംനിറഞ്ഞ രത്നാകരമാകുന്നു. എങ്ങിനെയെന്നാൽ അതിൽ അങ്ങയുടെ പുരികക്കൊടികളാകുന്ന തിരമാലകൾ ഇളകിക്കൊിരിക്കുന്നു. ചഞ്ചലങ്ങളായ നയനങ്ങളാകുന്ന മത്സ്യങ്ങൾ പ്രസരിക്കുന്നു. പാണിതലം, കാലടി, അധരപുടങ്ങൾ എന്ന പേരിൽ പവിഴമണികൾ കലർന്നുകിടക്കുന്നു. നാഭിയാകുന്ന അത്യഗാധസ്ഥലം ഇരിക്കുന്നു. എന്നു മാത്രമല്ല, ഉന്നതങ്ങളായ സ്തനങ്ങളായി കാണപ്പെടുന്നത് ആ രത്നാകരത്തിൽ മുങ്ങിയ മന്ദരപർവ്വതത്തിന്റെ കൊടുമുടികളുടെ ഉപരിഭാഗമാകുന്നു. അങ്ങിനെയുള്ള അവിടുത്തെ ശരീരത്തിന് ഉപമിക്കത്തക്കവസ്തു ഒന്നുംതന്നെയില്ല.

കല്പാന്താനലധൂമമഞ്ജുമഹിമസ്പർധാപരാഃ സമ്മിളത്
കല്പദ്രുപ്രഭവസൂനനികരാസ്ത്വത്കേശപാശാഃ ശിവേ!
വിധ്വംസന്തു സവർണതാപരിചയപ്രാപ്തൈരിവാളിവ്രജൈ-
രന്തർധ്വാന്തമമീ മദീയമജിതേ! സംസേവ്യമാനാന്തികാഃ. 8

ഹേ മംഗളസ്വരൂപിണി! പ്രളയകാലത്തുള്ള അഗ്നിയുടെ നീുവളഞ്ഞുവരുന്ന ധൂമങ്ങളുടെ മനോഹരമഹിമയോടു സ്പർദ്ധിക്കുന്നവയും മന്ദാരകുസുമനിരകൾ ചൂടിയവയും തന്റെ (തലമുടിയുടെ) വർണ്ണപരിചയമൂലം വന്നുചേർന്നതോ എന്നു തോന്നുമാറ് വരിവുകളാൽ അടുത്തു

കൂടി സേവിക്കപ്പെടുന്നവയുമായ നിന്തിരുവടിയുടെ ഈ കേശപാശങ്ങൾ അല്ലയോ അജിതേ! അടിയന്റെ അന്തഃകരണത്തിലുള്ള അന്ധകാരത്തെ നശിപ്പിക്കേണമേ.

നാനാരത്നവിരാജിഹേമമകുടന്യസ്താർധശീതദ്യുതി-
സ്പർധാലൂർധ്വവിളംബിതാളകലലാടോദ്ദീപ്രഫാലം മുഖം
ഭ്രൂവിക്ഷേപകടാക്ഷസുസ്മിതലസന്നാസാമണിശ്രീഭരം
മച്ചിത്തേ സ്ഫുരിതാധരം സ്ഫുരതു തേ ഗണ്ഡോജ്ജ്വലത്കുണ്ഡലം. 9

വിവിധരത്നങ്ങൾകൊ് വിരാജിക്കുന്ന പൊൻകിരീടത്തിലണിഞ്ഞ ചന്ദ്രക്കലയോടു കലഹിക്കത്തക്കതായും മുകളിൽ തൂങ്ങിനില്ക്കുന്ന ചൂർണ്ണകുന്തളങ്ങൾകൊും തിലകൊും ശോഭിക്കുന്നതും ആയ നെറ്റിത്തടത്തോടും, പുരികക്കൊടികളുടെ ഇളക്കം, കടാക്ഷം, തൂമന്ദഹാസം, തിളങ്ങുന്ന നാസാഭരണപ്രകാശം ഇവകൊു വിളങ്ങുന്നതും കവിൾത്തടങ്ങളിൽ ഉജ്ജ്വലിച്ചു കുണ്ഡലങ്ങളോടും സുന്ദരമായ അധരപുടത്തോടും കൂടിയതുമായ നിന്തിരുവടിയുടെ മുഖം എന്റെ മനസ്സിൽ പ്രകാശിക്കേണമേ.

ഏതത്കല്പലതാപ്രവാളനളിനശ്രീവൃദ്ധിഗർവ്വാപഹം
പ്രോദ്യന്മുഷ്ടിധൃതേക്ഷുചാപസൃണികാപാശപ്രസൂനാശുഗം
കേയൂരൈർവ്വലയാംഗുലീയകഗണൈസ്തുംഗപ്രഭൈർമണ്ഡിതം
തത്തേ ബാഹുലതാചതുഷ്ടയമഭീഷ്ടാപ്തൈ മമാസ്ത്വനഹം. 10

കല്പകവല്ലികളുടേയും ഇളന്തളിരുകളുടേയും താമരപ്പൂക്കളുടേയും സൗഭാഗ്യഗർവ്വത്തെ അകറ്റുന്നവയും; ഉയർത്തിയ മുഷ്ടികളിൽ കരിമ്പുവില്ല്, തോട്ടി, പാശം, പുഷ്പശരം ഇവയെധരിച്ചവയും ഉജ്ജ്വലപ്രകാശങ്ങളായ തോൾവളകൾ, കടകങ്ങൾ, മോതിരങ്ങൾ ഇവയണിഞ്ഞവയുമായ നിന്തിരുവടിയുടെ ഈ നാലു തൃക്കൈകൾ എപ്പോഴും എന്റെ അഭിലാഷങ്ങളെ തരേണമേ.

ഉത്തുംഗം തടസക്തഹാരപുനരുക്താനല്പശോഭാഭര-
ക്രീഡാതത്പരചക്രവിഭ്രമപദം വക്ഷോജയുഗ്മം തവ
ഉദ്യത്പത്രലതാവൃതം മൃഗമദൈർനിർവ്വാസിതം ചന്ദനൈഃ
ക്രീഡാപർവ്വതവിഭ്രമം ഖലു ബിഭർത്ത്യേതദ്രതീപുത്രയോഃ. 11

അല്ലയോ ദേവി! ഉന്നതമായും തടങ്ങളിൽ ചാർത്തിയ മുത്തുമാലകളാൽ ദ്വിഗുണീഭവിച്ച കാന്തിപ്രവാഹങ്ങളിൽ നീന്തിക്കളിക്കുന്ന ചക്രവാകപ്പക്ഷികളോ എന്നു തോന്നിപ്പിക്കുന്നതുമായ അങ്ങയുടെ സ്തനദ്വയം രതീദേവിക്കും (ഈ പുത്രൻ - ലക്ഷ്മീനന്ദനൻ) കാമദേവന്നുമുള്ള ക്രീഡാപർവ്വതവിലാസത്തെ വഹിക്കുന്നു. എന്തുകൊന്നൊൽ, അവയെ ഉല്ലസിക്കുന്ന പത്രലതകൾ (ശ്ലേഷാർത്ഥം, പത്തിക്കീറ്റുകൾ സ്തനപക്ഷം, ഇലകളും വള്ളികളും പർവ്വതപക്ഷം) ചുറ്റിപ്പിടിച്ചിരിക്കുന്നു. എന്നു മാത്രമല്ല,

ചന്ദനകസ്തൂരികൾ ചന്ദനക്കുറിക്കൂട്ട്, ചന്ദനമരങ്ങൾ കസ്തൂരിക്കുറിക്കൂട്ട്, കസ്തൂരി മൃഗങ്ങൾ എന്നും) കൊു സുരഭിലങ്ങളായുമിരിക്കുന്നു.

നാഭ്യാവർത്തഗഭീരതാശുചിരസം രോമാവലീവ്യാലികം
ശങ്കേ തേ വലിഭംഗചാരുജഠരം കാമസ്യ ലീലാസരഃ
ഏകത്രാഹരണം സമുച്ചയനമപ്യന്യത്രയത്തീരയോ-
രേതച്ചേഷ്ടിതമേതൃമധ്യമകുചസ്ഥാനത്വമാഭാതി തത്. 12

ഹേ ദേവി! അങ്ങയുടെ ഉദരം കാമദേവന്നു ക്രീഡിപ്പാനുള്ള സര സ്സാണോ എന്നു ഞാൻ ശങ്കിക്കുന്നു. എന്തുകൊന്നൊൽ -നാഭിച്ചുഴി യെന്ന ഒരഗാധസ്ഥലം അതിലു്. ശുചിരസ (ശൃംഗാരമായ രസത്തോടു കൂടിയത് ഉദരപക്ഷം, നിർമ്മലമായ ജലത്തോടുകൂടിയത് സരസ്സിൻപക്ഷം) മായിരിക്കുന്നു. രോമാവലിയാകുന്ന ഒരു കാളസർപ്പം പറ്റിക്കിടക്കുന്നു. വലികളാകുന്ന അലകൾകൊ് സുന്ദരമായിരിക്കുന്നു എന്നു മാത്രമല്ല ഈ സരസ്സിന്റെ ഒരു തീരം ഇടിഞ്ഞു കൃശമായും മറ്റേതീരം കൂടിച്ചേർന്നു ഉന്നതവുമായിരിക്കുന്നു. ഇടിഞ്ഞുപോയ തീരം അങ്ങയുടെ മദ്ധ്യപ്രദേ ശവും കൂടിച്ചേർന്ന് ഉയർന്നതീരം സ്തനദ്വയവുമാകുന്നു.

ഉദ്യൂത്തോളതിപൃഥുഃ ശിവേ! തവ നിവീതാനർഘചേലോപരി-
വ്യാനദ്ധാഞ്ചിതകാഞ്ചികാപരിലസദ്രത്നോപലാഞ്ചത്രിഷാം
വ്യാജേനാഖിലദിക്ഷുമന്മഥരഥാംഗശ്രീജയോപാർജ്ജിതം
കീർത്തിവ്രാതമസൗ നിതംബഫലകഃ പ്രക്ഷേപയൻ രാജതേ. 13

അല്ലയോ ശിവേ! വൃത്താകാരമായും വളരെ തടിയേറിയതുമായ അങ്ങയുടെ നിതംബസ്ഥലം ഞൊറിഞ്ഞുടുത്തിരിക്കുന്ന വിലമതിപ്പാൻ വയ്യാത്ത പട്ടുചേലയുടെ ഉപരിഭാഗത്തു മുറുക്കിക്കെട്ടിയ സുന്ദരമായ പൊന്നരഞ്ഞാണിൽ പരിലസിക്കുന്ന വൈരക്കല്ലുകളുടെ ധവളരശ്മികൾ എന്ന വ്യാജേന കാമദേവന്റെ രഥചക്രത്തെ ജയിച്ച കീർത്തി സമൂഹത്തെ സകലദിക്കുകളിലും പ്രസരിപ്പിച്ചുകൊു പ്രകാശിക്കുന്നു.

രംഭാസ്തംഭകരീന്ദ്രഹസ്തജയിനോശ്ചാർവ്വോസ്തവോർവീർമിഥോ
വാദഃ കശ്ചന കാന്തിസീമ്നി ചയതഃ ശങ്കേ പരം ജംഘയോഃ
തത്സൗക്ഷ്മ്യാദനയോർവിഭാഗപിശുനം ജാനുദ്വയം കിഞ്ചനാ-
പ്യക്ഷ്ണോർയാതി ന കസ്യചിദ്വിഷയതാം ധാത്രീധരേന്ദ്രാത്മജേ. 14

ഹേ പർവ്വതരാജപുത്രി! അങ്ങയുടെ ഊരുക്കൾ കദളിവാഴത്തുക ളേയും ഗജശ്രേഷ്ഠന്റെ തുമ്പിക്കരത്തേയും ജയിച്ചവയാണ്. അങ്ങിനെ യുള്ള ഊരുക്കൾക്കും, ചുവടെ നില്ക്കുന്ന കണങ്കാലുകൾക്കും തങ്ങ ളുടെ ശോഭാതിശയത്തിന്റെ അതിരിനെക്കുറിച്ച് ഒരു കലശലായ തർക്കം ഉായിരിക്കുന്നുവെന്നു ഞാൻ സംശയിക്കുന്നു. അവയുടെ വിഭാഗത്തെ സൂചിപ്പിക്കുന്ന ജാനുദ്വയം ആർക്കും കാണ്മാൻ കഴിയുന്നുമില്ല. രു

കക്ഷികളുടെ തർക്കങ്ങളിൽ മദ്ധ്യസ്ഥൻ അവരുടെയിടയിൽ സൂക്ഷ്മമാ യിരുന്നു അതിരുകൾ തീർച്ചയാക്കുവാൻ ജോലിചെയ്യണം. അതുകൊാ യിരിക്കണം ജാനുദ്വയം അദൃശ്യമായത്. ഇത്രയും പറഞ്ഞതുകൊു ഊരു ജംഘകളുടെ ആയതപീനത്വങ്ങളും കാൽമുട്ടുകളുടെ മാംസളത്വവും വ്യക്ത മായിരിക്കുന്നു.

രജ്യത്സർവ്വസുരാസുരേശ്വരകിരീടോദ്യന്മണിവ്രാതഭാ-
ക്കിഞ്ചിത്കാളി സഹംസകം സുലളിതം മുഖ്യാസ്പദം യച്ഛ്രിയഃ
സർവ്വാർത്ഥപ്രതിപാദനൈകരസികം ഭക്തേഷു മന്മാനസേ
ഭൂയാത്ഭൂഷണമന്വഹം തവ ശിവേ! പാദാരവിന്ദദ്വയം. 15

ഹേ ശിവേ! അങ്ങയുടെ ശ്രീപാദദ്വന്ദ്വം രു താമരപ്പൂക്കൾതന്നെ യാകുന്നു. എങ്ങിനെയെന്നാൽ നമസ്കരിക്കുന്ന സകല ദേവാസുരവീര രുടേയും കിരീടങ്ങളിൽ നിന്നുദിക്കുന്ന രത്നസമൂഹങ്ങളുടെ കിരണങ്ങ ളാകുന്ന അല്ലികൾ അവയിൽ ചേർന്നിരിക്കുന്നു. ഹംസക (കാൽച്ചിലമ്പ്, അരയന്നം എന്നും)ങ്ങളോടു കൂടിയും ഇരിക്കുന്നു. അത്രയല്ല അവ എത്രയും ലളിതമായി ശ്രീക്ക് (ശോഭയ്ക്ക് - ലക്ഷ്മീദേവിക്ക്) മുഖ്യാസ്പ ദവുമാകുന്നു. ആകയാൽ ഭക്തന്മാരിൽ സർവ്വകാര്യങ്ങളേയും സാധിപ്പി ക്കുവാൻ സമർത്ഥമായ ആ പാദപദ്മദ്വയം എന്റെ മാനസത്തിൽ (മാനസ സരസ്സിൽ) എപ്പോഴും ഒരു അലങ്കാരമായി ഭവിക്കേണമേ.

ഹൃത്വാസ്വാത്മമയം ഗുണൈഃ സ്മരരിപോശ്ചിത്തം ന യത്കേവലം
ദേഹാർധഞ്ച വശംവദം ഭഗവതഃ പത്യുർവ്വിധത്തേ സദാ
രൂപസ്യാസ്യ തവാംബികേ! രചയിതും സൗഭാഗ്യഭൂമ്നഃ സ്തുതിം
ശക്നോത്യദ്യ കഥം കദാപ്യവിഹിതത്വത്പാദുകാരാധനഃ. 16

അല്ലയോ ജനനി! നിന്തിരുവടിയുടെ ഈ രൂപം ഗുണങ്ങൾകൊു കാമവൈരിയായ ഭഗവാന്റെ ചിത്തത്തെ മാത്രമല്ല, അങ്ങയുടെ നാഥനായ ഈ ശിവന്റെ ദേഹാർദ്ധത്തെപ്പോലും അങ്ങയുടെ വശത്താക്കി അങ്ങ യുടെ സ്വരൂപമാക്കിച്ചെയ്തിരിക്കുന്നു. അത്ര സൗഭാഗ്യാതിശയം തികഞ്ഞ അങ്ങയുടെ ഈ രൂപത്തെ വർണ്ണിക്കുവാൻ ഒരിക്കലും ഭവൽപാദപീഠത്തെ ആരാധിക്കുവാൻ ഇടവരാത്തവൻ എങ്ങിനെ ശക്തമാകും.

ഹന്ത ത്വാം സമുപാസ്യതർപണതപോയോഗാദിഭിഃ കൃച്ഛ്രതോ-
ത്യാസക്താ വിഷയേഷു കേചന ചിരാദിച്ഛാനുരൂപം ഫലം
വിന്ദന്തേ സുധിയോർഥമക്ഷയമിദം ത്വാരാധയന്തോ ശ്രമാ-
ദന്തഃ പ്രേമരസാർദ്രഹൃജ്ജലരുഹാ രൂപം മനോഹാരി തേ. 17

അല്ലയോ അംബ! വിഷയങ്ങളിൽ അത്യാസക്തന്മാരായ ചിലർ തർപ്പ ണംകൊും തപസ്സുകൊും യോഗാഭ്യാസം മുതലായവകൊും നിന്തി രുവടിയെ ഉപാസിച്ചിട്ടു ആഗ്രഹത്തിന്നനുരൂപങ്ങളായ ഫലങ്ങളെ ലഭിക്കു

ന്നു. കളത്രപുത്രാദി വിഷയങ്ങളെമാത്രം സമ്പാദിക്കുന്നു. കഷ്ടം!! എന്നാൽ ബുദ്ധിന്മാരായ ചില വിരക്തന്മാർ നിന്തിരുവടിയുടെ മനോഹരമായ ഈ രൂപത്തെ ഉള്ളിൽ പ്രേമരസംകൊ് ആർദ്രമായ ഹൃദയപദ്മംകൊു ആരാധിച്ചിട്ടു നാശരഹിതമായ അർത്ഥത്തെ അതായത് മോക്ഷമെന്ന ധനത്തെ നേടുന്നു. ഇവിടെ അർത്ഥശബ്ദംകൊു പുരുഷാർത്ഥം (ധർമ്മാർത്ഥകാമമോക്ഷങ്ങൾ) എന്നാണ് താത്പര്യം. വിഷയികൾ ധർമ്മാർത്ഥകാമങ്ങൾ മാത്രം ആശിക്കുന്നു. മോക്ഷാർത്ഥികൾമാത്രം അക്ഷയമായ അർത്ഥം (മുക്തിയെ) ലഭിക്കുന്നു എന്നു സാരം.

പ്രായസ്തർകപദത്വഗോചരഫലേഷ്വന്യേഷു ജാത്യാപി വാ
കഷ്ടായാസതയാ വരം വിധിഷു മേ വൈരാഗ്യമേതച്ഛിവേ
ത്വന്മാഹാത്മ്യകഥാസുധാരസധുരീ സേവാപരാസ്യാന്മതിർ-
യസ്മാത്പ്രേമഭരാത്മികാ ഭവതി സാ ഭക്തിശ്ചതുർവ്വർഗ്ഗദാ. 18

പുരുഷാർത്ഥങ്ങളിൽ മോക്ഷത്തെ ഒഴിച്ചു അന്യങ്ങളായ ധർമ്മാർത്ഥകാമങ്ങൾക്കുള്ള മുൻപറഞ്ഞ തർപ്പണതപോയോഗാദികളായ വിധികളിൽ ഫലസിദ്ധി, മിക്കവാറും, സ്വാഭാവികമായിത്തന്നെ സംശയസ്ഥിതിയിൽ നില്ക്കകൊും ഫലസിദ്ധിക്കുതന്നെ അതിപ്രയത്നം ചെയ്യേിരിക്കകൊും അവയെ സംബന്ധിച്ചിടത്തോളം എനിക്കു വൈരാഗ്യംതന്നെ ശ്രേഷ്ഠമാകുന്നു. ആകയാൽ എന്റെ ബുദ്ധിക്കു അങ്ങയുടെ മാഹാത്മ്യംതുളുമ്പുന്ന കഥാമൃതരസം ആസ്വദിക്കുന്നതിൽത്തന്നെ ആസക്തിയുാകട്ടെ. അങ്ങയുടെ ആ മാഹാത്മ്യപാരായണം കൊാണ് അങ്ങയിൽ പ്രേമാത്മികയായ ഭക്തിയുാവുന്നത്. ആ ഭക്തി ഭക്തന്മാർക്ക് മോക്ഷം മാത്രമല്ല പുരുഷാർത്ഥങ്ങൾ നാലിനേയും ദാനം ചെയ്യുന്നതുമാകുന്നു. അതുകൊു മുൻപറഞ്ഞ വിധികളിൽ എനിക്കിച്ഛയില്ല.

യദ്യത്ഭാതി വിചിത്രമക്ഷവിഷയോ ഹേ വിശ്വമാതഃ ശിവേ!
തത്തത്സർവ്വമിഹോക്തമേവ ബഹുശശ്ചേഷ്ടാവിശേഷസ്തവ
ഏവം സത്യപി യദ്വിശിഷ്യ ജഗതാം ക്ലേശാപഹം വർണ്ണിതം
ഗൂഢം തേന സുമേധസൈവ മുനിനാ സദ്യഃപരം ശ്രേയസേ. 19

ഹേ ലോകമാതാവേ! ശ്രീ പാർവ്വതി! യാതൊന്നു യാതൊന്നു ഇന്ദ്രിയങ്ങൾക്കു വിഷയമായി പ്രകാശിക്കുന്നുവോ ബഹുപ്രകാരമിരിക്കുന്ന അതാതു വിഷയങ്ങൾ എല്ലാം നിന്തിരുവടിയുടെ വ്യാപാരവിശേഷങ്ങൾതന്നെ എന്നു ഈ സംസാരത്തിൽ പറയപ്പെട്ടിരിക്കുന്നു. അങ്ങിനെയാണെങ്കിലും ജഗത്തുക്കളുടെ ദുഃഖം നശിപ്പിക്കുന്നതായി യാതൊരു മാഹാത്മ്യം, പൊടുന്നനവേ പരമശ്രേയസ്സിനു വേി സുമേധസ്സായ ആ മഹർഷിയാൽ രഹസ്യമായി വർണ്ണിക്കപ്പെട്ടുവോ (അന്വയസമാപ്തി ഇനി വരുന്ന ശ്ലോകത്തിൽ).

തത്താവന്മധുകൈടഭാദിനിധനപ്രസ്താവസാരോദ്രസം
മാഹാത്മ്യാമൃതമേതദേവ പരിപൂർണ്ണാനന്ദബോധപ്രദം
സ്മർത്താ തേ പദപങ്കജസ്യ ച ഗുരോരേവം സമാസ്വാദയ-
ന്നന്തസ്താപഭരം നുനുത്സുരഹമസ്മ്യംബ! പ്രസീദാശു മേ. 20

ആ മാഹാത്മ്യാമൃതത്തെ മധുകൈടഭവധം, സുംഭനിസുംഭവധം ഇങ്ങിനെ ചരിത്രസാരമാകുന്ന രസത്തെ ഉൽഗമിപ്പിക്കുന്നതും, പരിപൂർണ്ണമായ ആനന്ദത്തേയും ബോധത്തേയും പ്രദാനം ചെയ്യുന്നതും, സുപ്രസിദ്ധവുമായ നിന്തിരുവടിയുടെ ആ മാഹാത്മ്യാമൃതത്തെ ഇനി ചൊല്ലപ്പെടുന്ന വിധം ആസ്വദിച്ചുംകൊും നിന്തിരുവടിയുടേയും ശ്രീഗുരുനാഥന്റേയും പാദാരവിന്ദങ്ങളെ സ്മരിച്ചുംകൊും ഞാൻ മനസ്താപം നശിപ്പിക്കുവാനായി ആശിക്കുന്നു. ഹേ അംബ! നിന്തിരുവടി എന്നിൽ ക്ഷിപ്രം പ്രസാദിക്കേണമേ.

ദ്വിതീയസർഗ്ഗഃ

കല്പാവസാനേ കമലൈകശേഷേ
ശേഷേ ശയാനസ്യ ച യോഗനിദ്രാം
ആശ്ലിഷ്യ വിഷ്ണോഃ ശ്രവസോർമ്മലോത്ഥാ-
വാസ്താമസൃക്പൗ മധുകൈടഭാഖ്യൗ. 1

പ്രളയകാലത്തിന്റെ അവസാനത്തിൽ ഒരു താമരപ്പൂവ് മാത്രം ശേഷിച്ചിരുന്നു. അതിൽ അനന്തശയനത്തിൽ യോഗനിദ്രയെ അവലംബിച്ചിരുന്ന മഹാവിഷ്ണുവിന്റെ കർണ്ണമലങ്ങളിൽനിന്നു മധു എന്നും കൈടഭൻ എന്നും പേരായി ര് അസുരന്മാർ ഉായി.

സമീക്ഷ്യ തൗ നാഭികുശേശയസ്ഥഃ
സമുദ്യതാവാത്മവധായ ഘോരൗ
പ്രബോധനാർത്ഥം ചകിതോ മുരാരേർ-
നിദ്രാമയീമസ്തുവദാത്മഭൂസ്ത്വം. 2

ശ്രീവിഷ്ണുഭഗവാന്റെ നാഭികമലത്തിൽ സ്ഥിതിചെയ്തിരിക്കുന്ന ബ്രഹ്മാവ് തന്നെ വധിപ്പാനായി ആ മധുകൈടഭന്മാർ ഒരുങ്ങിയതു കാൺകയാൽ ഭയചകിതനായിട്ടു വിഷ്ണുവെ ഉണർത്തുവാൻ വേി നിദ്രാസ്വരൂപിണിയായ നിന്തിരുവടിയെ ഇപ്രകാരം സ്തുതിക്കുവാൻ തുടങ്ങി.

നമോസ്തു തേ ദേവി! സമസ്തശക്തൈ
നമോസ്തു വേദാഗമസാരമയ്യൈ
നമോസ്തു തേ സർവജഗത്പ്രകൃത്യൈ
നമോസ്തു മാതസ്ത്രിഗുണാത്മികായൈ. 3

ഹേ ദേവി! സമസ്തങ്ങളിലും ശക്തിയായ അങ്ങേക്കു നമസ്കാരം. വേദങ്ങളുടേയും ശാസ്ത്രങ്ങളുടേയും സാരമായിരിക്കുന്ന അങ്ങക്കു നമസ്കാരം. സകല ജഗത്തുക്കളുടേയും പ്രകൃതിയായ അങ്ങേക്കു നമസ്കാരം. അല്ലയോ അംബ! സത്ത്വരജസ്തമസ്സ്വരൂപിണിയായ അങ്ങേക്കു നമസ്കാരം.

ത്വമേവ മായാ മഹതീ ച വിദ്യാ

ത്വം മന്ത്രയന്ത്രക്രതു തന്ത്രശക്തിഃ
ഹ്രീഃ ശ്രീ രതിർഗീഃ ക്രുധസിത്വമേകാ
വ്യക്തിഃ സുഷുപ്തിർധിഷണാ ച ശാന്തിഃ. 4

നിന്തിരുവടിതന്നെയാണ് മായ. (അവിദ്യ) ശ്രേഷ്ഠമായ വിദ്യയും അങ്ങുന്നുതന്നെ. മന്ത്രശക്തിയായതും യന്ത്രശക്തിയായും യാഗശക്തിയായതും തന്ത്രശക്തിയായും അങ്ങുന്നാകുന്നു. ലജ്ജയായതും ലക്ഷ്മിയായതും രതിയായതും സരസ്വതിയായതും ക്രോധരൂപിണിയായതും ഏകയായ അങ്ങുന്നുതന്നെ. അങ്ങുന്നുതന്നെ വ്യക്തിയായും (ജാഗ്രൽസ്വപ്നങ്ങളായും) സുഷുപ്തിയായും ബുദ്ധിയായും ശാന്തിയായും ഭവിക്കുന്നു.

ത്വം നാശയിത്രീ ജഗതഃ സവിത്രീ
ത്വം പാലയിത്രീ പരമാഖിലസ്യ
ത്വം സൃഷ്ടിരക്ഷാവിലയസ്വരൂപാ
ജഗന്മയേ! കിം ഭവതി ത്വദന്യത്. 5

സകല ജഗത്തിനേയും പ്രസവിക്കുന്നവളും പാലിക്കുന്നവളും സംഹരിക്കുന്നവളും ഉൽകൃഷ്ടമായ നിന്തിരുവടിയാകുന്നു. മാത്രമല്ല, സൃഷ്ടിയും രക്ഷയും സംഹാരവും അങ്ങയുടെ സ്വരൂപങ്ങൾതന്നെയാകുന്നു. അല്ലയോ ജഗത്സ്വരൂപിണി! നിന്തിരുവടിയിൽനിന്ന് അന്യത്തായിട്ട് എന്താണുള്ളത്.

സ്രഷ്ടാ ഹി സൃഷ്ടിസ്ഥിതിനാശകർമ്മ-
സ്വഹഞ്ച വിഷ്ണുർഗ്ഗിരിശസ്ത്വയൈവ
നിയോജിതാസ്തേഷ്വവനാധികാരീ
നിദ്രാവശം കേശവ ഏഷ നീതഃ. 6

അങ്ങിനെയാണെങ്കിലും - സൃഷ്ടിസ്ഥിതിനാശകർമ്മങ്ങളിൽ നിന്തിരുവടി സ്രഷ്ടാവായ എന്നെയും വിഷ്ണുവിനേയും ശിവനേയും അധികാരപ്പെടുത്തിയിരിക്കുന്നുവല്ലോ. ആ മൂവരിൽ രക്ഷാധികാരിയായ ഈ വിഷ്ണുവിനെ അങ്ങുന്നിപ്പോൾ നിദ്രാവശനാക്കിവച്ചിരിക്കുന്നു.

ശക്നോതി കഃ സ്തോതുമിഹാംബികേ! ത്വാം
മായാമയീം ത്വം തു വിമോഹയൈതൗ
ദൈത്യാവധൃഷ്യൗ മധുകൈടഭൗ തൗ
സ നീയതാമാശു വിധുഃ പ്രബോധം. 7

ഹേ അംബ! മായാമയിയായ അങ്ങയെ സ്തുതിപ്പാൻ ആർക്ക് സാധിക്കും. എതിർപ്പവരില്ലാത്ത ഈ മധുകൈടഭദൈത്യന്മാരെ അങ്ങു മോഹിപ്പിക്കേണമേ. എത്രയും വേഗത്തിൽ ശ്രീനാരായണനെ ഉണർത്തുകയും ചെയ്യേണമേ.

ഇതീഡിതാം ത്വം വിധിനാ മുരാരേഃ
പ്രബോധനായ പ്രണിഹന്തുമേതൗ

പ്രത്യംഗതസ്തസ്യ നിരീയ ധാത്യ-
പ്രത്യക്ഷതാമാശു നിനേഥ വിഷ്ണും. 8

ഇപ്രകാരം ബ്രഹ്മാവിനാൽ, മഹാവിഷ്ണുവിനെ ഉണർത്തുവാനും മധുകൈടഭന്മാരെ വധിപ്പാനും സ്തുതിക്കപ്പെട്ടപ്പോൾ നിദ്രാസ്വരൂപിണിയായ അങ്ങുന്ന് വിഷ്ണുവിന്റെ എല്ലാ അവയവങ്ങളേയും വിട്ടൊഴിഞ്ഞു നിന്ന് ഭഗവാനെ ബ്രഹ്മാവിന്ന് പ്രത്യക്ഷനാക്കിച്ചെയ്തു.

തയാ വിമുക്തസ്യ തു ചക്രപാണി-
രുത്ഥായ താഭ്യാം തു ചിരായ യുദ്ധ്യൻ
ഗർവ്വിഷ്ഠയോർമ്മോഹിതയോ സ്ത്വയൈവ
വധായ സംപ്രാപ്തവരോവധീത്തൗ. 9

നിദ്രയിൽനിന്നു വിമുക്തനായ ചക്രപാണി ഭഗവാൻ അവരെ വധിപ്പാനുള്ള വരബലം അങ്ങയിൽനിന്നു കൈക്കൊിട്ട് അങ്ങയാൽത്തന്നെ മോഹിപ്പിക്കപ്പെട്ട ഗർവ്വിഷ്ഠന്മാരായ ആ മധുകൈടഭന്മാരോടു വളരെക്കാലം യുദ്ധംചെയ്ത് ഒടുവിൽ അവരെ കൊല്ലുകയും ചെയ്തു.

തന്മേദസാകല്പി മുരാരിണേയം
ഖ്യാതായതോളഭൂരിഹ മേദിനീതി
ത്വത്പ്രേരണാദേവമഭൂത് കൃതാർത്ഥഃ
സ്രഷ്ടാ, പ്രപന്നാർത്ത്യപഹന്ത്രി! പായാഃ. 10

ആ മധുകൈടഭന്മാരുടെ മേദസ്സുകൊാണ് ഈ ഭൂമി വിഷ്ണുഭഗവാനാൽ നിർമ്മിക്കപ്പെട്ടത്, അതുകൊ് ഈ ഭൂമിക്ക് മേദിനി എന്ന പേർ സിദ്ധിച്ചു. അങ്ങയുടെ പ്രേരണയാൽ ബ്രഹ്മാവും ഇങ്ങിനെ കൃതാർത്ഥനായിത്തീർന്നു. ഈ വിധം ആശ്രിതന്മാരുടെ സങ്കടങ്ങളെ നശിപ്പിക്കുന്ന ഹേ ദേവി! അങ്ങുന്ന് എന്നെ പാലിക്കേണമേ.

തൃതീയസർഗ്ഗഃ

ശക്രാദയോ യുധി പുരാ മഹിഷപ്രധാനൈർ-
ദൈത്യൈർജ്ജിതാ ഹൃതസമസ്തനിജാധികാരാഃ
നിസ്സാരിതാശ്ചിരമമർത്ത്യഗണാദിവസ്തേ
കുണ്ഠശ്രിയോ ഭുവി യഥാ മനുജാ വിചേരുഃ. 1

പ് ദേവേന്ദ്രൻ തുടങ്ങിയ ദേവന്മാർ മഹിഷൻ മുമ്പായ അസുരന്മാരാൽ പോർക്കളത്തിൽവച്ചു തോല്പിക്കപ്പെട്ടു. അസുരന്മാർ ദേവന്മാരുടെ എല്ലാ അധികാരങ്ങളും അപഹരിച്ചെടുത്തു. അത്രമാത്രമല്ല, ദേവന്മാരെ സ്വർഗ്ഗത്തിൽനിന്ന് ആട്ടിയോടിക്കുകയും ചെയ്തു. അതുനിമിത്തം ഐശ്വര്യമെല്ലാം നശിച്ചുപോയ ദേവന്മാർ ഭൂമിയിൽ മനുഷ്യരെപ്പോലെ സഞ്ചരിക്കുവാനും തുടങ്ങി.

തേ വേധസാ സമമുപേത്യ മുകുന്ദശർവ്വാ-
വാരാദ്ധ്യ ഭക്തിഭരസന്നിമിതോത്തമാംഗാഃ
സ്വാപദ്ദശാം മഹിഷദോർബ്ബലതോവതീർണ്ണാം
കൃത്സ്നാമഥോചുരുദയത്പുളകീവൃതാംഗാഃ. 2

ആ ദേവന്മാർ ബ്രഹ്മാവോടുകൂടി മഹാവിഷ്ണുവിനേയും ശ്രീപരമേശ്വരനേയും ശരണം പ്രാപിച്ചു, രോമാഞ്ചം നിറഞ്ഞ ഗാത്രങ്ങളോടും ഭക്തിഭാരം മൂലം കുനിഞ്ഞ ഉത്തമാംഗങ്ങളോടും കൂടി നമസ്കരിച്ചിട്ട്, മഹിഷന്റെ ബാഹുബലം കൊണ്ടായ തങ്ങളുടെ ആപദ്ദശയെ ഉണർത്തിച്ചു.

തേഷാം വചഃശ്രവണണ്ണമാത്രവിവൃദ്ധകോപ-
സ്യാസ്യാദ്വിധോരപി ഹരസ്യ വിധേസ്തദാനീം
തേജാംസി നിര്യയുരപീന്ദ്രമുഖാമരാണാം
ജ്വാലാവലീഢഭുവനാനി പൃഥഗ്വപുർഭ്യഃ. 3

ദേവന്മാരുടെ ആവലാതി കേട്ടമാത്രയിൽ ശ്രീനാരായണന്നും ശ്രീപരമേശ്വരന്നും ബ്രഹ്മാവിന്നും വളരെ കോപമുായി. ആ അവസരം അവരുടെ മുഖങ്ങളിൽ നിന്നും എന്നു മാത്രമല്ല, ക്രോധം കലർന്ന ഇന്ദ്രൻ മുത

ലായ ദേവന്മാരുടെ ദേഹങ്ങളിൽ നിന്നും തേജസ്സുകൾ വേറെ വേറെ പുറപ്പെട്ടു. ആ തേജസ്സിന്റെ ജ്വാലകൾ ഭുവനം മുഴുവനും വ്യാപിച്ചു.

ഏകീഭവത്തവ വപുഃ പരിണാമമേത്യ
ദേദീപ്യതേ സ്മ സതി! സനിമിഥോ മിളിത്വാ
മാഹേശ്വരം യദഭവത്തവ ദേവി! തേജോ
വക്ത്രം സ്ഫുരൻ പ്രഭമജായത തന്മയം തേ. 4

ഹേ ദാക്ഷായണി! ആ തേജസ്സുകൾതമ്മിൽ ചേർന്നൊരുമിച്ചു നിന്തിരുവടിയുടെ ദേഹമായി പരിണമിച്ചിട്ടു വളരെ പ്രകാശിച്ചു. മഹേശ്വരന്റെ മുഖത്തിൽനിന്നു ഉദ്ഭവിച്ച തേജസ്സ് നിന്തിരുവടിയുടെ പ്രകാശമേറിയ വക്ത്രമായി ഈശ്വരമയമായിത്തീർന്നു.

ദോർദ്ദണ്ഡമണ്ഡലമുമേ! തവ വൈഷ്ണവേന
ബ്രാഹ്മേണ പാദയുഗളീ കില തേജസാസീത്
വജ്രായുധാദ്യമൃതപാനജുഷാം പരേഷാം
തേജോഭിരപ്യുദഭവന്നിതരേ പ്രതീകാഃ. 5

ഹേ ഉമേ! വൈഷ്ണവമായ തേജസ്സുകൊു അങ്ങയുടെ ബാഹുദണ്ഡസഹസ്രം ഉായി. ബ്രഹ്മാവിന്റെ തേജസ്സുകൊു അങ്ങയുടെ രു പാദങ്ങളുായി. ഇന്ദ്രൻ തുടങ്ങിയ ഇതരദേവന്മാരുടെ തേജസ്സുകൾകൊു അങ്ങയുടെ മറ്റുള്ള അവയവങ്ങളും ഉായി.

തേജസ്സമുച്ചയഭുവം ഭവതീം തതസ്തേ-
ദൃഷ്ട്വാ പ്രഹൃഷ്ടഹൃദയാ വിധിവാസവാദ്യാഃ
അത്യുജ്ജ്വലാനി വിവിധാനി ച ഭൂഷണാനി
ശാസ്ത്രാണി തുഭ്യമജിതേ! ദദുരംബരാണി. 6

തേജസ്സമൂഹത്തിൽനിന്നുദ്ഭവിച്ച നിന്തിരുവടിയെ കശേഷം വളരെ പ്രസന്നന്മാരായ ബ്രഹ്മാവ്, ഇന്ദ്രൻ തുടങ്ങിയ ദേവന്മാർ അത്യുജ്ജ്വലങ്ങളായ ബഹുവിധം അലങ്കാരങ്ങളേയും വസ്ത്രങ്ങളേയും ആയുധങ്ങളേയും അങ്ങേക്കു ദാനം ചെയ്തു.

ഭ്രാജത്കിരീടകടകാംഗദഹാരകാഞ്ചീ-
ധ്രൈവേയകുണ്ഡലദുകൂലകഹംസകാദ്യൈഃ
അംഗേഷു തേ നനു ഭവന്തി! പദാനി ലബ്ധ്വാ
തൈരേവ ഭൂഷണഗണൈർന്നിതരാമദീപി. 7

അല്ലയോ ഭവാനി! തിളങ്ങിക്കൊിരിക്കുന്ന കിരീടം, വളകൾ, തോൾവളകൾ, ചിലമ്പുകൾ മുതലായ സുവർണ്ണരത്നാഭരണക്കൂട്ടങ്ങൾ അങ്ങയുടെ അതാത് അംഗങ്ങളിൽ സ്ഥാനംലഭിച്ചതുകൊ് ആ ആഭരണങ്ങൾക്കാണ് അധികം പ്രദീപ്തി ഉായത്. അല്ലാതെ സ്വയംപ്രഭങ്ങളായ അംഗങ്ങൾക്കു ആഭരണപ്രകാശം ആവശ്യമില്ലെന്നു സാരം.

സാന്ദ്രം തതഃ സ്വവപുഷഃ പരിനിർഗ്ഗളന്ത്യാ
കാന്ത്യാ ജഗന്തി ച ചതുർദ്ദശ ഭാസയന്തീ
വ്യാഘ്രൂർണ്ണദൃഷ്ടിപരിവൃഷ്ടിഭിരിഷ്ടിഭോജി-
വ്രാതസ്യ ദൈത്യകൃതതാപമപോഹയന്തീ. 8

ധൃത്വായുധാനി വിവിധാനി ച ദോസ്സഹസ്രൈ-
ണാദ്രീശദത്തമധിരുഹ്യ മൃഗേന്ദ്രയുഗ്യം
ഘോരാട്ടഹാസഭൃശബൃംഹിതചാപഘോഷൈർ-
ദിഗ്ദന്തികർണ്ണവിവരം ച വിചൂർണ്ണയന്തീ. 9

ആയോധനായ മഹിഷാഭിമുഖീ പ്രയാന്തീ
ബദ്ധോദ്യമാസുരമുനീന്ദ്രഗണേഡ്യമാനാ
സാ ത്വം സമസ്തദുരിതൈഃ സമമാധിജാലം
ക്ഷിപ്രം നിവാര്യ ദിശ ശങ്കരി! മംഗളം മേ. 10

അലങ്കാരങ്ങൾ അണിഞ്ഞശേഷം അങ്ങയുടെ ദേഹത്തിൽനിന്നു പുറപ്പെടുന്ന കാന്തിപ്രവാഹങ്ങളാൽ പതിന്നാലുലോകങ്ങളേയും പ്രകാശിപ്പിച്ചുകൊും ചുറ്റുപാടിലേക്കും ഇളകിക്കൊായക്കപ്പെടുന്ന ദൃഷ്ടിപാതങ്ങളാൽ ദേവന്മാരിലുള്ള ദൈത്യഭയത്തെ നശിപ്പിച്ചുകൊും സഹസ്രബാഹുക്കളിൽ ആയുധങ്ങളെ വഹിച്ചുകൊും ഹിമാലയപർവ്വതത്തിനാൽ നൽകപ്പെട്ട സിംഹവാഹനത്തിൽ കയറിയിരുന്ന് ഘോരങ്ങളായ അട്ടഹാസങ്ങളാൽ വർദ്ധിപ്പിക്കപ്പെട്ട ഞാണൊലികളുടെ മുഴക്കങ്ങളാൽ അഷ്ടദിഗ്ഗജങ്ങളുടെ കർണ്ണദ്വാരങ്ങളെ പൊട്ടിച്ചുകൊും ദേവന്മാരാലും മഹർഷിമാരാലും സ്തുതിക്കപ്പെട്ടുകൊും ഉത്സാഹപൂർവ്വം മഹിഷാസുരന്ന് അഭിമുഖമായ സമരത്തിനു പുറപ്പെട്ടിരിക്കുന്ന ഹേ ശങ്കരി! നിന്തിരുവടി സമസ്തദുരിതങ്ങളോടുകൂടി എന്റെ ആധിജലത്തെ വേഗത്തിൽ നിവാരണം ചെയ്തിട്ടു എനിക്കു മംഗളത്തെ തരേണമേ.

ചതുർത്ഥസർഗ്ഗഃ

വീക്ഷ്യ വിശ്വമഖിലം സുരാരയഃ
ക്ഷുബ്ധമംബ! തവ പൗരുഷൈരുഷാ
ദംസിതാഃ കരസമുദ്ധൃതായുധാഃ
സർവതഃ സപദി യോദ്ധുമുത്ഥിതാഃ. 1

ഹേ അംബ! അങ്ങയുടെ പരാക്രമങ്ങൾകൊ് ക്ഷോഭിച്ചിരിക്കുന്ന വിശ്വത്തെക്കിട്ട് അസുരന്മാർ ക്രോധത്തോടെ മാർച്ചട്ടകളും ധരിച്ച് ആയുധങ്ങളുയർത്തിപ്പിടിച്ചുംകൊു എല്ലായിടത്തുനിന്നും പൊടുന്നനവെ അങ്ങയോടു സമരത്തിന്നായി പുറപ്പെട്ടു.

തം നിശമ്യ മഹിഷോതി ബന്ധുഭിഃ
കിം കിമിത്യഭിവദൻ സമായയൗ
യത്ര യഃ കലഹംസഭ്രമോക്തിഭിഃ
ജൃംഭിതഃ കലകലസ്തദാ ദിശി. 2

അങ്ങുന്നും അസുരന്മാരും നേരിട്ട ദിക്കിൽവച്ച് പരിഭ്രമപൂർവ്വം പോർക്കുവിളികൾകൊുായ കോലാഹലങ്ങൾ കേട്ടിട്ട് 'എന്താണിത്?' 'എന്താണിത്?' എന്നു പറഞ്ഞുകൊ് ബന്ധുക്കളോടൊപ്പം മഹിഷൻ വന്നു ചേർന്നു.

ത്വാം നിരീക്ഷ്യ മഹിഷാദിഭിഃ പുര-
സ്ത്വാദൃഗുഗ്രതരവേഷഭാസുരാം
ക്രോധഭാരപരിഭംഗുരാത്മഭിഃ
കോപിതൈർവ്യരചി വേഗതോ രണഃ. 3

മേൽപ്രകാരം ഭയങ്കരവേഷംകൊു പ്രകാശിച്ചിരിക്കുന്ന അങ്ങയെ പുരോഭാഗത്തിൽ കപ്പോൾ മഹിഷാദികൾ കോപം നിമിത്തം തന്നെ ത്താൻ മറന്നു വേഗത്തിൽ അവർണ്ണനീയമായ യുദ്ധം ആരംഭിക്കുകയും ചെയ്തു.

ചിക്ഷുരാസിമയലോമ, ചാമരോ-
ദഗ്ര, ബാഷ്കല, വിലാലകാദയഃ
അഭ്യയുർയുധി മഹാരഥാഃ പൃഥക്
ത്വാം ചമൂഭിരമിതാഭിരന്വിതാഃ. 4

ചിക്ഷുരൻ, അസിലോമാവ്, ചാമരൻ, ഉദഗ്രൻ, ബാഷ്കളൻ, വിലാളൻ തുടങ്ങിയ മഹാരഥന്മാർ വേറെ വേറെ അനവധി സേനകളോടുകൂടി യുദ്ധത്തിനായി അങ്ങയോടു നേരിട്ടു ('അസിലോമാ' എന്ന് ചണ്ഡികാസപ്തതി മൂലഗ്രന്ഥത്തിൽ കാണുന്നു. അസി = ഖഡ്ഗം, ലോമാ = രോമം ഖഡ്ഗാകൃതിയിലുള്ള രോമമുള്ളവൻ എന്നർത്ഥം. അങ്ങിനെ അസിലോമാവിനെ ഈ സ്തോത്രത്തിൽ അസിമയലോമാവാക്കി.)

ആസുരോഗ്രചതുരംഗമേദുരാ-
ക്ഷൗഹിണീ ശതസഹസ്രസംവൃതഃ
ത്വാമുപേത്യ മഹിഷാസുരോപ്യുമേ!
ശസ്ത്രജാതമധികം വവർഷ സഃ. 5

ആനകൾ, കുതിരകൾ, തേരുകൾ, കാലാളുകൾ ഇങ്ങിനെ നാലംഗങ്ങൾ അടങ്ങിയ നൂറായിരം അക്ഷൗഹിണികളായ അസുരസേനകളാൽ പരിവൃതനായിട്ട് ആ മഹിഷാസുരനും ഹേ ഉമേ! അങ്ങയെ നേരിട്ട് വളരെ ആയുധസമൂഹങ്ങളെ വർഷിച്ചു. (21870 ആനകൾ, 21870 തേരുകൾ, 65610 കുതിരകൾ, 109350 കാലാളുകൾ കൂടിയ ഒരു സേന വിഭാഗത്തെ അക്ഷൗഹിണി എന്നു പറയുന്നു.)

താവകോച്ഛ്വസിതജൈർഗ്ഗണൈരേയുതഃ
സൈന്യമദ്ധ്യമവിശത്സ കേസരീ
രക്ഷമാമിവ ശിഖീ ഭയാനകൈഃ
ശുഷ്കശാഡ്വലവനം സ്ഫുലിംഗകൈഃ.6

അങ്ങയുടെ വാഹനമായ ആ സിംഹമാകട്ടെ, അങ്ങയുടെ ഉച്ഛ്വാസത്തിൽനിന്നുായ ഭയങ്കരങ്ങളായ സേനാസമൂഹങ്ങളോടുകൂടി രാക്ഷസന്മാരുടെ ആ സൈന്യമദ്ധ്യത്തിൽ ഉണക്കപ്പുല്ലുകൾ നിറഞ്ഞ വനത്തിൽ തീപ്പൊരികളെ പൊട്ടിത്തെറിപ്പിക്കുന്ന അഗ്നിപോലെ പ്രവേശിച്ചു.

ദീപിതാഖിലദിഗസ്ത്രതേജസാ
വിസ്മിതാജസുതഗീതപേശലഃ
ഘൃഷ്ടതൂര്യനിനദോ രണോത്സവഃ
പുഷ്ടിമാപ സകബന്ധനർത്തനഃ. 7

ആയുധതേജസ്സുകളാകുന്ന വിളക്കുകൾകൊു സകലദിക്കുകളും പ്രകാശിപ്പിച്ചുകൊും ആശ്ചര്യഭരിതനായ ശ്രീനാരദന്റെ വീണാഗാനംകൊും പെരുമ്പറകളടിക്കുന്ന വാദ്യഘോഷങ്ങൾകൊും ഖണ്ഡിച്ചു വീഴ്ത്തി പിടക്കുന്ന ശരീരങ്ങളുടെ നൃത്തംകൊും ആ സമരോത്സവം വളർന്നു തുടങ്ങി.

ഖണ്ഡിതാസുരനിയുക്തശാസ്ത്രയാ
ദോസ്സഹസ്രപരിസജ്ജിതായുധൈഃ
ഹന്യമാനദനുജോത്കരേ ത്വയാ
യോധനേ പ്രമുമുദേ വിഹങ്ഗമൈഃ. 8

അങ്ങുന്നു ആയിരം ബാഹുക്കളിൽ വഹിച്ച ആയുധങ്ങളാൽ, അസുരന്മാരയക്കുന്ന ആയുധങ്ങളെ ഖണ്ഡിച്ചു ഖണ്ഡിച്ചു ആ ദൈത്യസമൂഹത്തെ വധിച്ചുകൊിരിക്കെ ആ പോർക്കളത്തിൽ കഴുകൻ, കാക്ക മുതലായ പക്ഷികൾക്ക് വളരെ സന്തോഷമുായി.

ഉൗരുമധ്യഗലബാഹുഭിർഭൃശം
ദൂരതോ യുധിസമുദ്ധിതാ അപി
തീക്ഷ്ണശസ്ത്രവിഹിതൈഃ സുരദ്വിഷോ
നേശുരേവ ചതുരങ്ഗസംയുതാ. 9

അങ്ങയുടെ തീക്ഷ്ണങ്ങളായ ആയുധങ്ങളുടെ പ്രഹരങ്ങൾ ഏറ്റ് തുടകൾ മുറിഞ്ഞുവീണും അരക്കെട്ടുകളും കഴുത്തുകളും കൈകളും അറ്റുവീണും ദൂരം ദൂരം ചിന്നിച്ചിതറിയും ചതുരംഗസംയുക്തങ്ങളായ ആ അസുരസൈന്യങ്ങൾ ഇങ്ങിനെ നശിക്കുകതന്നെചെയ്തു.

സതി! വിളംബ്യ വിളംബ്യ തദോത്പല-
ന്ത്യനുപദത്സു ദിവഃ കുസുമേഷിതാ
സുമനസാം ചയമസ്തു ശുഭായ മേ
തവ കടാക്ഷതതിർഭ്രമരീവ സാ. 10

ഹേ സതി! അപ്പോൾ ആകാശത്തിൽനിന്നു ദേവന്മാർ പുഷ്പവർഷം ചെയ്തു. ആകാശത്തിൽനിന്നു പതുക്കെ പതുക്കെ വീണുകൊിരിക്കുന്ന ആ പുഷ്പങ്ങൾതോറും മന്ദം മന്ദം മേല്പോട്ടു പൊങ്ങിപ്പൊങ്ങി അവസാനം പുഷ്പങ്ങളുടെ സമൂഹത്തെ വിൻപിട എന്നവണ്ണം ദേവന്മാരുടെ സമൂഹത്തിലേക്കു എത്തിച്ചേർന്നു രസിക്കുന്ന നിന്തിരുവടിയുടെ ആ കടാക്ഷാവലോകനങ്ങൾ എനിക്കു മംഗളത്തിനായ് ഭവിക്കേണമേ.

പഞ്ചമസർഗ്ഗഃ

സുരാരിവീരേഷു ഹതേഷു ചണ്ഡികേ!
ത്വയാഹവേ ചിക്ഷുരചാമരാദിഷു
സ ദൈത്യവര്യോളദ്രിനിഭസ്ത്വദന്തികം
സമായയൗ മാഹിഷവേഷധൃക് ക്രുധാ. 1

അല്ലയോ ചണ്ഡികേ! പോർക്കളത്തിൽവച്ചു ചിക്ഷുരൻ, ചാമരൻ മുതലായ അസുരവീരന്മാർ അങ്ങയാൽ വധിക്കപ്പെട്ടു, ആ അവസരം ദൈത്യചക്രവർത്തിയായ ആ മഹിഷൻ പർവ്വതത്തോളം വലിപ്പമുള്ള ഒരു പോത്തായിത്തീർന്നിട്ടുക്രോധിച്ചുകൊു നിന്തിരുവടിയുടെ സമീപത്തിലേക്കു പുറപ്പെട്ടു.

പ്രപാതയംസ്തീക്ഷ്ണവിഷാണയോർഭൃശം
യുഗേന ചൂർണീകൃതശൈലശൃംഗയോഃ
ഘനാൻ സമുത്പാട്യ ഖുരാർപണൈർദ്ധരാം
പ്രകമ്പയൻ ഘോരതരം ജഗർജ്ജ സഃ. 2

എത്രയും തീക്ഷ്ണങ്ങളായ രുകൊമ്പുകൾകൊു പർവ്വതങ്ങളുടെ കൊടുമുടികളെ കുത്തിപ്പൊടിച്ചും ആകാശത്തിൽ മേഘങ്ങളെ തട്ടിയകറ്റിയും കുളമ്പടികൾകൊു ഭൂകമ്പം ഉാക്കിയും ആ മഹിഷാസുരൻ ഭയങ്കരമാംവണ്ണം അട്ടഹാസം ചെയ്തു.

തമാദധാനം ഖുരശൃംഗബാലധി-
പ്രഹാരഭേദൈർബ്ബഹുധാ വ്യഥാമഥ
അപി പ്രഘൃഷ്ടേഷു ഗണേഷു തേഷു തേ
പ്രസഹ്യ പാശേന ബബന്ധിഥേശ്വരീ. 3

അനന്തരം ആ മഹിഷൻ കുളമ്പുകൾകൊു ചവിട്ടിയും കൊമ്പുകൾകൊ് കുത്തിയും വാൽകൊടിച്ചും വളരെ ധൈര്യശാലികളായ അങ്ങയുടെ സേനാസമൂഹങ്ങളിൽപ്പോലും ബഹുവിധം ക്ലേശങ്ങൾ ഉാക്കിക്കൊിരിക്കെ അല്ലയോ ഈശ്വരി! അങ്ങുന്നു അവനെ ബലാൽക്കാരേണ പിടിച്ചു കയർകൊു കെട്ടിയിട്ടു.

അലക്ഷി സിംഹാകൃതിരേഷ ബന്ധനാ-
ദ്വിമുച്യ ശാസ്ത്രേണ നികൃത്തമസ്തകഃ
നരോഥ ഭൂത്വാസിഫലോല്ലസത്കര-
സ്ത്വയാ ഹതസ്താവദസൗ ഗജാധിപഃ. 4

സലീലമാകർഷയതോ ഹരീം കില
പ്രഗൃഹ്യ ഹന്താസ്യ തു പുഷ്കരേണ തം
കരം വൃരൈത്സീരസിനാളസുരസ്തദാ
പ്രകമ്പയാമാസ ധരാം സവിക്രമൈഃ. 5

അനന്തരം ഈ മഹിഷൻ പാശബന്ധത്തിൽനിന്നു മോചിച്ചിട്ടു സിംഹാകാരമായി കാണപ്പെട്ടു. അങ്ങുന്നു ഖൾഗംകൊു ആ സിംഹത്തിന്റെ തല അറുത്തിട്ടു പൊടുന്നനവെ അവൻ വാളും പരിചയും വഹിച്ച മനുഷ്യനായിത്തീർന്നു. ആ മനുഷ്യാകൃതിയേയും അങ്ങുന്നു ഹനിച്ചസമയം അവൻ കൂറ്റനായ ഒരു കൊമ്പനാനയായിത്തീർന്നിട്ട് നിഷ്പ്രയാസം അങ്ങയുടെ വാഹനമായ സിംഹത്തെ പിടിച്ചുവലിച്ചു തുമ്പിക്കരംകൊ് അതിനെ പ്രഹരിക്കാൻതുടങ്ങിപോൽ. അപ്പോൾ അങ്ങുന്നു വാൾകൊു ആ ഗജേന്ദ്രന്റെ തുമ്പിക്കരത്തെ ഖണ്ഡിച്ചുവീഴ്ത്തി. മഹിഷനാകട്ടെ ആ അവസരം സ്വന്തമായ അസുരരൂപം എടുത്ത് പരാക്രമങ്ങൾകൊു ഭൂമി കുലുക്കുവാൻ തുടങ്ങി.

തതഃ പിബന്തി മധുഹൃദ്യമന്തിക-
സ്പൃശംദൃശാ പ്രസ്ഫുടരാഗസംസ്പൃശാ
വിലോകയന്തീ ഖരമാഹസന്ത്യമും
ഭയങ്കരം തം മഹിഷം ത്വമൂചിഷേ. 6

അനന്തരം അങ്ങുന്നു ഹൃദ്യമായ മദ്യം (വീരപാനം) പാനം ചെയ്തുകൊും തെളിഞ്ഞ രക്തവർണ്ണമായ ദൃഷ്ടിയാൽ, അടുത്തുവരുന്ന ഭയങ്കരനായ ഈ മഹിഷനെ തീക്ഷ്ണമായി നോക്കിക്കൊും കഠിനമായി അട്ടഹസിച്ചുകൊും ഇപ്രകാരം അരുളിച്ചെയ്തു.

ഹഠാഹൃതാശേഷസുരേന്ദ്രസമ്പദഃ
ശഠാധുനാ ഭോജയിതും ഖഗാംസ്തവ
കുഠാരകൃത്തം ത്വരയത്യദോ വപുഃ
കഠോരമാപാനവിധിസ്തു മാമയം. 7

ഹേ ശഠ! മഹിഷാസുര! ദേവശ്രേഷ്ഠന്മാരുടെ സമ്പത്തുക്കളെ ബലാൽക്കാരേണ പിടിച്ചടക്കിയിരിക്കുന്ന നിന്റെ ഈ കഠോരദേഹത്തെ മഴുകൊു വെട്ടിക്കഷണങ്ങളാക്കിയിട്ടു ഇപ്പോൾത്തന്നെ കഴുകൻ, കാക്ക മുതലായ പക്ഷികൾക്കു ആഹാരമാക്കിത്തീർപ്പാൻ ഈ മദ്യപാനം എന്നെ ജാഗ്രതപ്പെടുത്തിക്കൊിരിക്കുന്നു.

അജേ! ജയ ത്വം ജയ ചേതി ജല്പതാം
തപോധനാനാം മരുതാഞ്ച പശ്യതാം
ത്വമട്ടഹാസാ ധുതവിഷ്ടപാന്തരാ
സമുത്പ്ലവേന ന്യപതോഭികൗണപം. 8

ഹേ അജേ! (ജനനമരണമില്ലാത്തവളെ) അങ്ങുന്നു ജയിച്ചാലും ജയിച്ചാലും എന്നിങ്ങനെ പുകഴ്ത്തിക്കൊു മഹർഷിമാരും ദേവന്മാരും നോക്കിക്കൊു നില്ക്കേ നിന്തിരുവടി അട്ടഹാസം മുഴക്കി ലോകാന്തരങ്ങളെ ഞെട്ടിച്ചുകൊു ആ അസുരന്നു അഭിമുഖമായി കുതിച്ചുപാഞ്ഞു.

പ്രഗൃഹ്യ ത്വം ദോർഭിഃ പ്രസഭതരമാപാത്യ മഹിഷം
പദാക്രമ്യൈചൈസ്തം നിചഖനിഥ ശൂലേന പരിതഃ
സമുത്ഥാനം കർത്തും തദനു വിജിഗീഷോർവ്വിലുഠനഃ
ശിരോപ്യസ്യാകാർഷീർവ്വിപുലമസിനാ ദേവി! മഹതാ. 9

ഹേ ദേവി! അങ്ങുന്നു ഉച്ചത്തിൽ കുതിച്ചുചാടി ബാഹുക്കൾകൊു ആ മഹിഷനെ ബലാൽക്കാരേണ പിടിച്ച് തള്ളിയിട്ട് കാൽകൊു ചവിട്ടി ശൂലംകൊു സർവ്വാംഗവും കുത്തിഞെലച്ചു. വിജയേച്ഛമൂലം വീും എഴുന്നേല്പാൻ പിടച്ചുകൊിരിക്കുന്ന അവന്റെ വലുതായ ശിരസ്സിനെ അങ്ങുന്നു മഹത്തായ ഖൾഗംകൊു വെട്ടിവീഴ്ത്തുകയും ചെയ്തു.

ദൈത്യേന്ദ്രേ മഹിഷേ മഹാസുരചമൂചക്രൈസ്സമം ബന്ധുഭിഃ
സംഗ്രാമേ നിഹതേ ത്വയാ ത്രിഭുവനേ ഭദ്രേ! കൃതാർത്ഥീകൃതേ
ഇന്ദ്രാദ്യൈർഭൃശമിഷ്ടലാഭവിവശൈരഭ്യർച്യ പുഷ്പൈർനവൈഃ
സ്തോത്രൈർവേദമയൈഃ സ്തുതാ പ്രമുദിതാ ശ്രീദേവി! സംരക്ഷ മാം. 10

ഹേ മംഗളസ്വരൂപിണി! ഇങ്ങിനെ മഹാസുരന്മാരുടെ ചമൂസമൂഹത്തോടൊപ്പം ബന്ധുക്കളോടുകൂടി മഹിഷാസുരൻ അങ്ങയാൽ വധിക്കപ്പെട്ടപ്പോൾ മൂന്നു ലോകങ്ങൾക്കും കൃതാർത്ഥതയുായി. ഇഷ്ടലാഭം നിമിത്തം സന്തോഷപരവശരായ ഇന്ദ്രാദിദേവന്മാർ നൂതനപുഷ്പങ്ങൾകൊ് നിന്തിരുവടിയെ അർച്ചിക്കുകയും വേദമയങ്ങളായ സ്തോത്രങ്ങൾകൊ് സ്തുതിക്കുകയും ചെയ്കയാൽ കോപംവിട്ട അങ്ങുന്ന് പ്രസന്നയായിത്തീർന്നു. അപ്രകാരമുള്ള ഹേ ലക്ഷ്മീദേവി! അങ്ങുന്ന് എന്നെ നല്ലവണ്ണം രക്ഷിച്ചാലും.

ഷഷ്ഠഃസർഗ്ഗഃ

ശ്രീദേവി! ത്രിദശൈഃ പുരാളസുരജിതൈർവൈവശ്യഭാഗ്ഭിസ്തതഃ
സേന്ദ്രൈർബ്രഹ്മപുരസ്സരൈരുപഗതൈരദ്രീശ്വരാധിത്യകാം
ദൈത്യേന്ദ്രസ്യ വധം മുഹുർബ്ബലവതഃ സംപ്രാർത്ഥിതാരാധിതാ
സുംഭസ്യാഥ തദർത്ഥമിഷ്ടഫലദേ! തത്രാവിരാസീഃ സ്വയം. 1

ഹേ ശ്രീദേവി! പിന്നെയും പ് അസുരന്മാരാൽ ദേവേന്ദ്രൻ തുടങ്ങി ദേവന്മാർ തോല്പിക്കപ്പെട്ടു. അവർ വളരെ പരവശന്മാരായിട്ട് ബ്രഹ്മാവിനെ മുമ്പിലാക്കി ഹിമാദ്രിയുടെ മുകൾപ്പരപ്പിൽ വന്നുചേർന്നു. ആ അസുരന്മാരുടെ ചക്രവർത്തി സുംഭനായിരുന്നു. ബലവാനായ അവനെ വധിപ്പാൻ ആ ദേവന്മാർ നിന്തിരുവടിയെ ആരാധിച്ചു പ്രാർത്ഥിച്ചു. അല്ലയോ ഇഷ്ടഫലത്തെത്തരുന്ന ജനനി! അപ്പോൾ അങ്ങുന്ന് അവിടെ സ്വയം പ്രത്യക്ഷമാകുകയും ചെയ്തു.

തന്വാനേന തനുശ്രിയാ ഹിമവതഃ പാർശ്വസ്ഥലീം കാഞ്ചനീം
ഡോലാം സ്വൈരമധിഷ്ഠിതാ സ്മിതമുഖീ സഞ്ചാലയന്തീ മുഹുഃ
ഗായന്തീ മധുരം വഹന്ത്യഖിലലോകാത്യന്തസമ്മോഹനം
രൂപം ദേവഹിതൈഷിണീ ഹ്യരമഥാഃ കുഞ്ചേഷ്വിഹാർദ്രൗ ചിരം. 2

അങ്ങുന്ന് ദേവന്മാരുടെ ഹിതം സാധിപ്പാൻ വേി സമസ്തലോകത്തിൽവച്ചും അത്യന്തസുന്ദരമായ രൂപത്തെക്കെക്കൊ്, ആ ഹിമാലയപർവ്വതത്തിന്റെ പാർശ്വഭാഗങ്ങളെ ദേഹപ്രഭകൊ് സ്വർണ്ണമയമാക്കിച്ചെയ്തുകൊും, പുഞ്ചിരിതൂകി ഒരു ഊഞ്ഞാലിൽ കയറിയിരുന്ന് കൂടെക്കൂടെ ആടിക്കൊും മധുരമായ ഗാനം പൊഴിച്ചുകൊും വള്ളിക്കുടിലുകളിൽ ക്രീഡിച്ചിരുന്നു.

താവത്സുംഭനിസുംഭയോരനുചരൗ ചണ്ഡശ്ച മുണ്ഡഃ ഖലൗ
സ്വച്ഛന്ദം ഭുവി ചാരിണൗ തദചലപ്രസ്ഥം ഗതാവേകദാ
തത്ര ത്വാമഭിവീക്ഷ്യ വിസ്മയമിതൗ ശ്യാമാം ജഗന്മോഹിനീം
ഗത്വാഥാന്തികമേതയോർദ്രുതതരം സുംഭായ ചാവൂചതുഃ. 3

ആ അവസരം സുംഭന്റെയും അവന്റെ അനുജനായ നിസുംഭന്റെയും

ഭൃത്യന്മാരും ബലന്മാരുമായ ചണ്ഡൻ, മുണ്ഡൻ എന്ന രു അസുരന്മാർ സ്വതന്ത്രന്മാരായി ഭൂമിയിൽ സഞ്ചരിച്ചുകൊിരിക്കെ ഒരു ദിവസം ആ ഹിമാലയപർവ്വതത്തിന്റെ മുകളിൽ വന്നുചേർന്നു അവിടെ അവർ യൗവ്വ നമദ്ധ്യസ്ഥയും ജഗന്മോഹിനിയുമായ നിന്തിരുവടിയെക്കു വിസ്മയിച്ചു. അനന്തരം രുപേരും പെട്ടെന്ന് സുംഭനിസുംഭന്മാരുടെ അരികെച്ചെന്ന് സുംഭനോട് അങ്ങയുടെ സ്ഥിതിയെക്കുറിച്ചു അറിയിച്ചു..

ദൈത്യേന്ദ്രേണ തതോമുനാ തവ ശിവേ! സൗന്ദര്യസമ്പദ്ഗുണാൻ
ശ്രുത്വോജ്ജൃംഭിതമന്മഥേന ഭവതീമാനേതുമത്യാദരാത്
സുഗ്രീവഃ പ്രഹിതോളസ്യ ദൈത്യമഫലം ജ്ഞാത്വാ ഭവത്യാം പുനഃ
ക്രോധാന്ധേന തഥൈവ ധൂമ്രനയനസ്ത്വാം സോഭ്യഗാത്സേനയാ. 4

ഹേ ശിവേ! അങ്ങയുടെ സൗന്ദര്യസമ്പദ്ഗുണങ്ങളെ ആ ചണ്ഡമുണ്ഡന്മാരിൽനിന്നു കേൾക്കുകയാൽ കാമം വർദ്ധിച്ചിരിക്കുന്ന സുംഭൻ അങ്ങയെ അത്യാദരപൂർവ്വം കൂട്ടിക്കൊുവരുവാൻ സുഗ്രീവനെന്ന അസുരനെ അയച്ചു. ആ സന്ദേശം ഫലിച്ചുകാണായ്കയാൽ ക്രോധാന്ധനായ സുംഭൻ വീും ധൂമ്രാക്ഷൻ എന്ന അസുരനെ വിട്ടയച്ചു. ധൂമ്രാക്ഷൻ സേനയോടുകൂടി അങ്ങയെ നേരിട്ടു.

തന്വ്യാകർണ്ണയതന്നിയോഗമധുനാ ലോകത്രയാധീശ്വരഃ
സുംഭോ യോളസ്തി സമേത്യ ഗേഹമബലേ! സ്വൈരം വസ പ്രേയസീ
തസ്മാദേഹി ന ചേത്പ്രഗൃഹ്യ ചികുരേഷ്വസ്യാന്തികം ത്വാം ബലാ–
ന്നേതാസ്മീതി വദന്തമേതമകൃഥാ ഹുങ്കാരമാത്രാദ്വ്യസും. 5

ഹേ കൃശാംഗി! ഇപ്പോൾ ലോകത്രയത്തിന്നും ചക്രവർത്തി സുംഭനാകുന്നു. അദ്ദേഹത്തിന്റെ കല്പന കേൾക്കുക. ഭവതി എന്റെ രാജധാനിയിൽവന്ന് എന്റെ പട്ടമഹിഷിയായി സുഖമായി താമസിച്ചാലും എന്നാണ് കല്പന. ആകയാൽ അങ്ങുന്ന് എന്റെ കൂടെ വരണം. വരാത്തപക്ഷം ഞാൻ അങ്ങയുടെ തലമുടിയിൽ പിടിച്ചു ബലംപ്രയോഗിച്ചു വലിച്ചിഴച്ചു എന്റെ സ്വാമിയുടെ സമീപം കൊുപോകും. എന്നിങ്ങനെ പറയുന്ന ആ ധൂമ്രാക്ഷനെ അങ്ങുന്ന് ധിക്കാരപൂർവ്വമായ ഒരു ഹൂങ്കാരത്താൽ നിർജ്ജീവനാക്കിച്ചെയ്തു.

ധൂമ്രാക്ഷേ നിഹതേഥ കർബുരചമൂചക്രാവൃതേ ദംസിതേ
ചണ്ഡേ ചാഭിപതത്യതീവ പരിവൃഷ്യാസ്ത്രാണി മുണ്ഡേഭിതഃ
ജാതാ ഹന്ത ലലാടതസ്തവ രുഷാ നീലനനായ മഹാ–
ദംഷ്ട്രാഭീമതമേഭകുണ്ഡലധരാ കാളീകരാളാനനാ. 6

അങ്ങുന്ന് ധൂമ്രാക്ഷനെ വധിച്ചസമയം അസംഖ്യം രാക്ഷസസൈന്യസമൂഹങ്ങളാൽ പരിവൃതന്മാരായി മാർച്ചട്ടകൾ ധരിച്ചുംകൊ് ചണ്ഡനും മുണ്ഡനും കുതിച്ചുപാഞ്ഞെത്തി അനവധി അസ്ത്രശസ്ത്രങ്ങളെ അങ്ങ

യിൽ വർഷിക്കുവാൻ തുടങ്ങി. അപ്പോൾ കോപംമൂലം മഷിവർണ്ണമായ മുഖത്തോടുകൂടിയ അങ്ങയുടെ നെറ്റിത്തടത്തിൽനിന്നും ഗജങ്ങളാകുന്ന കുണ്ഡലങ്ങൾ ധരിച്ചും ഭീമങ്ങളായ ദംഷ്ട്രകൾ കടിച്ചും ഭയങ്കരമുഖിയായ കാളി ഉായി ആശ്ചര്യം!

സേനാമദ്ധ്യഗതാട്ടഹാസവിബുധ ബ്രഹ്മാണ്ഡകുണ്ഡോദരാ
സാ ദംഷ്ട്രാ നഖഖഡ്ഗപാടിതമഹാരക്ഷോബലൗഘാ ക്ഷണാത്
പ്രച്ഛന്നാസ്ത്രഗണൈരഥ പ്രഹാരതോർദ്ദേവദ്വിഷോരേതയോ-
ദ്രാഗിച്ഛിദ്യ രുഷാസിനാശു ശിരസി ത്വത്സന്നിധാവക്ഷിപത്. 7

അട്ടഹാസങ്ങൾകൊ് ബ്രഹ്മാണ്ഡകടാഹങ്ങളെ ഞെട്ടിക്കുന്ന ആ കാളി സൈന്യമദ്ധ്യത്തിലേക്ക് ചാടി ദംഷ്ട്രകൾകൊു കടിച്ചും നഖങ്ങൾകൊു ചീന്തിയും ഖൾഗങ്ങൾകൊു വെട്ടിയും രാക്ഷസസേനാസമൂഹങ്ങളെ തകർത്തു നശിപ്പിച്ചു. അനന്തരം അസ്ത്രഗണങ്ങൾ വർഷിച്ചുകൊും ചക്രായുധങ്ങൾകൊുംതന്നെ ആച്ഛാദനംചെയ്ത് സമരം ചെയ്യുന്ന ആ ചണ്ഡന്റെയും മുണ്ഡന്റെയും കഴുത്തുകൾ പെട്ടെന്നു വാൾകൊു വെട്ടിയെടുത്തു ആ കാളി നിന്തിരുവടിയുടെ മുമ്പിൽ സമർപ്പിച്ചു.

ദൃഷ്ട്വാ ചണ്ഡോഭിദുദ്രാവ താം കാളീമതിഭീഷണാം
ശരവർഷൈർമ്മഹാഭീമൈർഭീമാക്ഷീം താം മഹാസുരഃ
ഛാദയാമാസ ചക്രൈശ്ചമുണ്ഡഃ ക്ഷിപ്തൈഃ സഹസ്രശഃ
താനി ചക്രാണ്യനേകാനി വിശമാനാനി തന്മുഖം. എന്ന് മൂലം.

ഭദ്രേ ത്വം നിധനം നിനേഥ ഹി യതസ്തൗ ചണ്ഡമുണ്ഡാവുഭൗ
ചാമുണ്ഡേത്യഭിധാനതോ ഭുവി ഭൃശാ ഖ്യാതാ ഭവിഷ്യസ്യതഃ
ഏവം സൂനൃതയാ ഗിരാ പ്രമുദിതാ സമ്മാനയന്തീ മുഹുഃ
കാളീം താം ജഗദംബ! മേ കുരു മനസ്സൗഖ്യം വിധൂയാപദഃ. 10

ഹേ ഭദ്രേ! നീ ചണ്ഡമുണ്ഡന്മാരായ ഈ രുപേരെ വധിക്കയാൽ ഇനിമേൽ 'ചാമുണ്ഡ' എന്ന നാമധേയത്തിൽ നിനക്ക് ഭൂമിയിൽ വളരെ പ്രസിദ്ധിയുായിത്തീരും എന്നിങ്ങനെ എത്രയും പരമാർത്ഥമായ വാക്കുകൊ്, പരമസന്തുഷ്ടയായി ആ കാളിയെ സമ്മാനിച്ച അല്ലയോ ലോകമാതാവെ! നിന്തിരുവടി എന്റെ ആപത്തുകളെ അകറ്റി മനസ്സൗഖ്യം ഉാക്കിത്തരേണമേ.

സപ്തമസർഗ്ഗഃ

തതഃ ശ്രുത്വാ സുംഭഃ സ തു സപദി ചണ്ഡാദിനിധനം
ക്രുധാന്ധോ ധൂമ്രാദീൻ സുരരിപുവരാനപ്യഖിലതഃ
ദിദേശാഹ്വായൈവം ദനുജപതയഃ സൈന്യമിലിതാഃ
സമം സജ്ജാ നിർഗ്ഗച്ഛത ത്വടിതി യുദ്ധായ രഥിനഃ. 1

ചണ്ഡൻ തുടങ്ങിയ അസുരന്മാരുടെ മരണവൃത്താന്തം കേട്ട് ക്രോധാന്ധനായ സുംഭൻ സകല ദിക്കുകളിൽനിന്നും ധൂമ്രൻ മുതലായ അസുരേശ്വരന്മാരേ വിളിച്ചുകൂട്ടി, 'അല്ലയോ ദാനവേന്ദ്രന്മാരെ! നിങ്ങൾ രഥാരൂഢന്മാരായ സേനകളോടൊപ്പം ക്ഷണത്തിൽ സമരത്തിന്നൊരുങ്ങിപ്പുറപ്പെട്ടു കൊൾവിൻ' എന്നിങ്ങനെ ആജ്ഞാപിച്ചു.

അമോഘാജ്ഞഃ സുംഭോപ്യനവധി സുരാരാതിപൃതനാ-
സമാക്രാന്തക്ഷോണീപരിധിരുരുസത്വോളഥരഥഭാക്
സവിസ്ഫാരക്ഷ്വേലാവിധുതകകുബന്തഃ സ്വപുരതോ
നിഷംഗീനിര്യാത സ്ത്വരിതമനിമിത്താന്യഗണൻ. 2

ആജ്ഞകളെ സഫലങ്ങളാക്കുന്ന മഹാബലനായ സുംഭനും പാരിന്റെ അവധിവരെ പരന്നിരിക്കുന്ന അസംഖ്യം സേനാഭടന്മാരോടൊപ്പം, താൻ തേരിൽക്കയറി വില്ലുകുലച്ച് ചാപധ്വനികൊും സിംഹനാദംകൊും, ദിഗന്തങ്ങളെ ചലിപ്പിച്ചും പെട്ടെന്ന് വന്നുചേരുന്ന ദുർന്നിമിത്തങ്ങൾ ഗണിക്കാതെയും തന്റെ രാജധാനിയിൽനിന്നു പുറപ്പെട്ടു.

സമന്താത്തത്സൈന്യം പരിമിളിതമായാതമതുലം
സമാലോക്യ ക്രോധാന്മുഹുരപി ഭവത്യാപി വിഹിതാഃ
സുവിസ്ഫാരാഃ കാളീഹരികരിനിനാദൈർന്നിബിഡിതാ-
മമുദ്രിങ്നാഗാനാം ശ്രുതിഷു ജിതകല്പാർണ്ണവരവാഃ. 3

കൂടിച്ചേർന്നു വരുന്ന അനുപമമായ ആ സൈന്യത്തെ നാലുപാടും ചുറ്റിയതായിക്കിട്ട് ക്രോധംമൂലം നിന്തിരുവടി കൂടെക്കൂടെ മുഴക്കിയ ചെറുഞാണൊലികൾ, കാളിയുടെ അട്ടഹാസങ്ങൾ, സിംഹത്തിന്റെ ഗർജ്ജനങ്ങൾ, ആനകളുടെ അലർച്ചകൾ ഇവയോടുകൂടി തിങ്ങിവിങ്ങി പ്രളയ

സമുദ്രത്തിന്റെ ഇരമ്പങ്ങളെ ജയിക്കുമാറ് അഷ്ടദിഗ്ഗജങ്ങളുടെ കർണ്ണങ്ങളെ നിറച്ചുവിട്ടു.

ശരീരേഭ്യോ ജാതാ വിധിവിധുശിവേന്ദ്രാനലഭുവാം
ഹരേഃ കോലസ്യോഗ്രം വപുരപി നൃസിംഹസ്യ വഹതഃ
പൃഥക് തത്തദ്രൂപാഭരണഗുണപത്രായുധയുതാ
നിയുക്താ ദൈത്യാനാം ക്ഷപണകരണേ ശക്തയ ഇമാഃ. 4

അനന്തരം ബ്രഹ്മാവിന്റെയും വിഷ്ണുവിന്റെയും രുദ്രന്റെയും ഇന്ദ്രന്റെയും കുമാരന്റെയും വരാഹമൂർത്തിയായ വിഷ്ണുവിന്റെയും നരസിംഹരൂപിയായ വിഷ്ണുവിന്റെയും ശരീരങ്ങളിൽനിന്നു വെവ്വേറെ ഓരോ ശക്തിയുായി. മേല്പറഞ്ഞ അതാതു ദേവന്മാർക്കുള്ള ആകൃതികളും ആഭരണങ്ങളും ഗുണങ്ങളും വാഹനങ്ങളും ആയുധങ്ങളും വഹിച്ച ഈ അതാതു ശക്തികളോടു അങ്ങുന്നു ദൈത്യന്മാരെ ഒടുക്കുവാൻ ആജ്ഞാപിച്ചു.

ശിവാ ജാതാ ശക്തിസ്തവ കില ശരീരാദധ ശിവേ!
തയാ ദൂതത്വേന പ്രഹിതശിവസന്ധാനവചനൈഃ
അതിക്രുദ്ധൈഃ സുംഭാദ്യസുരനിവഹൈസ്ത്വം പരിവൃതാ
ഘനൈർഗ്ഗോമുഗ്ഭിസ്തൈരിവ ശശികലാരേജിഥ ഭൃശം. 5

ഹേ ശിവേ! അനന്തരം അങ്ങയുടെ ദേഹത്തിൽനിന്ന് 'ശിവ' എന്ന ഒരു ശക്തിയുദ്ഭവിച്ചു. ആ ശിവാദേവി, ശിവനെ (ദേവന്മാർക്ക് സ്വർഗ്ഗം വിട്ടുകൊടുക്കേണമെന്നും അസുരന്മാരായ നിങ്ങൾ പാതാളത്തിൽ പോയ്ക്കൊള്ളണമെന്നും) സന്ധിവിചാരംചെയ്വാൻ സുംഭാദികളായ അസുരന്മാരുടെ അരികേ പറഞ്ഞയച്ചു. ആ സന്ധിസംഭാഷണം കേട്ടപ്പോൾ മുമ്പത്തേതിലധികം കോപിച്ച് അസ്ത്രവർഷങ്ങൾ തുടങ്ങിയ ആ അസുരവർഗ്ഗത്താൽ ചുറ്റപ്പെട്ട നിന്തിരുവടി, വാരിധാരകൾ പൊഴിക്കുന്ന മേഘങ്ങളാൽ ചുറ്റപ്പെട്ട ചന്ദ്രക്കലപോലെ ശോഭിച്ചു.

തതോ ലീലാധ്മാതസ്ഫുരിതരുചികോദണ്ഡഗളിതൈഃ
പ്രകൃത്തപ്രത്യർത്ഥിപ്രഹിതവിവിധാസ്ത്രൈർന്നിജശരൈഃ
രുഷാ ച്ഛിദ്യാ ച്ഛിദ്യാമരരിപുശിരാംസി ക്ഷിതിതലം
ക്രമാദുഷ്ടോഷ്ടൈസ്തൈസ്സപദി പരിതസ്താര ഭവതീ. 6

അനന്തരം അങ്ങുന്നു കാളിയായി ഞാണൊലിയിട്ട് കൊു ഉജ്ജ്വലതേജസ്സായ വില്ലിൽനിന്ന് പുറപ്പെടുന്ന അമ്പുകൾകൊ് ശത്രുക്കളെയക്കുന്ന അത്യുഗ്രങ്ങളായ പലവിധം ആയുധങ്ങളെ ഖണ്ഡിച്ചിട്ട് ക്രമേണ ചുുകടിച്ചുനില്ക്കുന്ന അവരുടെ ശിരസ്സുകളെ അറുത്തറുത്ത് പൊടുന്നനവെ പോർക്കളത്തിലെങ്ങും നിരത്തിവിട്ടു.

ഹതാഃ കേചിത്കാള്യാ പൃഥുനഖരദംഷ്ട്രാപഹൃതിഭിഃ
പരേ തു ബ്രഹ്മാണ്യാ സമരസലിലപ്രോക്ഷണശതൈഃ

തഥാ മാഹേശ്വര്യാ പ്രഗലദസവഃ ശൂലഖനനൈർ-
നിപേതുർവ്വൈഷ്ണവ്യാ കതിചിദസുരാശ്ചക്രദളിതാഃ. 7

കഠിനങ്ങളായ നഖങ്ങൾകൊു ചീന്തിയും ദംഷ്ട്രകൾകൊു കടിച്ചും കാളിയാൽ ചിലർ വധിക്കപ്പെട്ടു. വേറെചിലരെ മന്ത്രോച്ചാരണ പൂർവ്വം തളിക്കപ്പെട്ട ജലബിന്ദുനികരങ്ങൾകൊ് ബ്രഹ്മാണി വധിച്ചു. അപ്രകാരം മഹേശ്വരിയാൽ ശൂലംകൊു കുത്തി ചിലരുടെ ജീവൻ നശിപ്പിക്കപ്പെട്ടു. ചിലർ വൈഷ്ണവിയുടെ ചക്രപാതമേറ്റ് മുറിഞ്ഞുവീണു.

തഥേന്ദ്രാണ്യാ കേചിത് കുലിശപതനൈർഭിന്നശിരസോ
നിപേതുഃ കൗമാര്യാ ദലിതഹൃദയാഃ ശക്തിപതഖനൈഃ
നൃസിംഹ്യാ ദൈത്യേന്ദ്രാഃ ഖരനഖരദംഷ്ട്രാഭിരഭിതോ
വിദീർണാ വാരാഹ്യാ ദ്രുതമപി തഥൈവ പ്രമഥിതാഃ. 8

അപ്രകാരംതന്നെ ഇന്ദ്രാണി വജ്രം എറിഞ്ഞു ചിലരുടെ കഴുത്തുകൾ അറുത്തിട്ടു. ചില ദൈത്യന്മാർ കൗമാരിയുടെ വേൽതറച്ചു ഹൃദയം പിളർന്നു വീണു. നാരസിംഹിയുടെ കഠിനനഖങ്ങളും ക്രൂരദംഷ്ട്രകളും കൊു കീറിമുറിഞ്ഞു ചിലർ ചത്തുവീണു. അപ്രകാരംതന്നെ ചില ദാനവന്മാർ വാരാഹിയാലും വേഗം മർദ്ദിക്കപ്പെട്ടു.

ശിരസ്സ്രഗിണ്യേഷാ ത്വരിതമുപദംശീകൃതഹയ-
ദ്വിപവ്യൂഹാ കാളീക്ഷതനിശിചരാംഗപ്രഗളിതം
തദാ പായം പായം ഹിതരസമസൃക്പൂരമമിതം
ജഗർജ്ജോന്മത്തോച്ചൈരയദദിതവിധാതൂർബധിരതാം. 9

അപ്പോൾ ഈ കാളി, അറുത്തിട്ട ശിരസ്സുകളെ മാലകളാക്കിയും കുതിരനിരകളേയും ആനക്കൂട്ടങ്ങളേയും കടിച്ചുകറികളാക്കിത്തിന്നും മുറിവേറ്റ രാക്ഷസന്മാരുടെ ദേഹങ്ങളിൽനിന്നു ധാരാളം ഒഴുകിവരുന്ന രക്തധാരകളെ ബഹുരസമായി വാരിക്കോരിപ്പാനംചെയ്തും ഉന്മത്തയായിട്ട് കൂടെക്കൂടെ ഉച്ചത്തിൽ അട്ടഹസിച്ചു. ആ അട്ടഹാസങ്ങൾ ബ്രഹ്മാവിന്റെ ചെവികളെപ്പോലും അടച്ചുകളഞ്ഞു.

മഹാരണ്യവ്യൂഹം തപനകരശുഷ്യദ്ദളചയം
യഥാ ദാവജ്വാലാപവനമിളിതാ പൗരുഷവതീ
നയന്തീ ദൈത്യൗഘം ക്ഷയമുരുബലം മാതൃനിവഹൈഃ
സമേതാ ത്വം ചണ്ഡി! പ്രണുദ വിവിധാധീൻ മമ ജവാത്. 10

വെയിൽകൊു വര ഉണക്കിലകൾ തിങ്ങിയ വലിയ വനസമൂഹത്തെ, കാറ്റടിയാൽ പടർന്നു കത്തിക്കാളുന്ന പ്രതാപമേറിയ കാട്ടുതീപോലെ, ബഹുലസേനകളായി നിറഞ്ഞ അസുരസംഘങ്ങളെ സപ്തമാതൃക്കളോടുകൂടിച്ചേർന്ന് നശിപ്പിച്ചുകൊിരിക്കുന്ന ഹേ ചണ്ഡി! അങ്ങുന്ന് എന്റെ പലവിധങ്ങളായ ആധികളേയും അകറ്റിവെക്കേണമേ.

അഷ്ടമസർഗ്ഗഃ

ശക്തീനാം തവ ച ശിവേ! മഹാസ്രപാതൈർ–
ദ്ദൈത്യൗഘേ ഭുവി പതതി പ്രലൂനകണ്ഠേ
സുംഭസ്യ പ്രഥിതബലോളഥ ഭാഗിനേയോ
യോദ്ധും ത്വാം സമഭിസസാര രക്തബീജഃ. 1

ഹേ മംഗളസ്വരൂപിണി! സപ്തമാതൃക്കളുടേയും നിന്തിരുവടിയുടേയും ഘോരായുധങ്ങളേറ്റ് കഴുത്തുകൾ മുറിഞ്ഞു അസുരസംഘം പോർക്കളത്തിൽ പതിച്ചുകൊിരിക്കേ, സുംഭന്റെ മരുമകനും ബലവാനെന്ന് പ്രസിദ്ധിനേടിയവനും ആയ രക്തബീജൻ എന്ന അസുരനാഥൻ അങ്ങയോടു പോരാടുവാൻ നേരിട്ടടുത്തു.

ത്വത്ബാണൈർവ്വിശിഖമുചഃ ക്ഷതാച്ഛരീരാ–
ദ്യാവന്തോ രുധിരകണാ നിപേതുരസ്യ
താവന്തഃ ക്ഷിതിതലതോഥതത്സദൃക്ഷാ
ഉത്തസ്ഥുഃ സമരരതാശ്ച രക്തബീജാഃ. 2

അസ്ത്രങ്ങളെയ്തുകൊിരിക്കുന്ന രക്തബീജന്റെ ശരീരത്തിൽനിന്ന്, അങ്ങയുടെ ശരങ്ങളേല്ക്കുമ്പോൾ മുറിവേറ്റ് എത്രയെത്ര രക്തത്തുള്ളികൾ ഭൂമിയിൽ വീഴുന്നുവോ, അത്രയത്ര രക്തത്തുള്ളികൾ അവന്നു സമാനങ്ങളായ ശരീരങ്ങൾ വഹിച്ചു അസംഖ്യം രക്തബീജന്മാരായി ഭൂമിയിൽനിന്നും ഉത്ഥാനംചെയ്തു സമരത്തിന്നൊരുങ്ങി.

സഞ്ജാതാൻ പുനരപി തേഭ്യ ഏവമേഭ്യോ
യുദ്ധ്യന്തം മുഹുരപി വീക്ഷ്യ രക്തബീജാൻ
ഉത്തപ്താ സുരപരിഷദ്വിവർദ്ധയന്തം
ഖിദ്യന്തം കിമപി ച മാതൃസംഘമാസീത്. 3

ആ രക്തബീജന്മാരോടെല്ലാം സപ്തമാതൃക്കൾ സമരംചെയ്തുകൊിരിക്കെ അവരിൽനിന്ന് മറ്റൊരു സംഘം രക്തബീജന്മാരും അവരിൽനിന്നു മറ്റൊരു സംഘവും ഇങ്ങിനെ തുടരേത്തുടരേ തങ്ങളാൽത്തന്നെ വർദ്ധിക്കപ്പെട്ടുവരുന്ന സീമാതീതന്മാരായ രക്തബീജന്മാരെ തടുത്തുനി

ല്പാൻ ശേഷിയില്ലാതെ കുഴങ്ങുന്ന ആ മാതൃസമൂഹത്തെക്കിട്ട് ദേവന്മാരെല്ലാവരും വളരെ സന്തപിച്ചു.

സങ്കീർണ്ണേ ധരണിതലേളഥ രക്തബീജൈർ-
യുദ്ധ്യദ്ഭിർന്നിരവധിഭിഃ സമഗ്രസത്തൈഃ
തേഷാം തു ക്ഷപണവിധാവുപായനി സേ
മാത്രൗഘേ സതി! ജഗതി ത്വയാന്വകമ്പി. 4

അനന്തരം പരിപൂർണ്ണബലവന്മാരായി യുദ്ധം ചെയ്തുകൊിരിക്കുന്ന അനവധി രക്തബീജന്മാർ ഭൂതലം മുഴുവനും നിറഞ്ഞിരിക്കെ, അവരെ നശിപ്പിക്കാൻ ഉപായമൊന്നും സപ്തമാതൃക്കൾ കാണാതിരുന്നപ്പോൾ ഹേ സതി! നിന്തിരുവടിക്ക് ഈ ലോകത്തോടു ദയതോന്നി.

ചാമുണ്ഡേ! കുരു രസനാസ്തൃതൈലപൃഷ്ഠം
വിസ്തീർണ്ണം തവ മുഖമസ്മദസ്ത്രപാതൈഃ
ഭ്രശ്യന്തോ രുധിരകണാ യഥാ പതേയുർ-
ന്നാഗേഭ്യഃ ക്ഷതജഭുവാം തദാത്ഥ കാളീം. 5

അസ്ത്രൗഘൈരഹമപി മാതരശ്ച സർവ്വാ-
വിച്ഛിദ്യാനനകുഹരം മുഹുസ്തവാമുൻ
നേഷ്യാമോ ദ്രുതതരമദ്ധിരക്തപാനൈ-
രേതേഷാം ജയമമിതൗജസാം വിധേഹി. 6

അങ്ങുന്നു കാളിയോടു കല്പിച്ചു. ഹേ ചാമുണ്ഡേ! ഈ രക്തബീജന്മാരുടെ രക്തത്തുള്ളികൾ അവരുടെ അംഗങ്ങളിൽനിന്നു ഭൂമിയിൽ വീഴാതിരിക്കത്തക്കവണ്ണം അത്ര വിസ്താരത്തിൽ നീ വായ പിളർന്നു നാവു നീട്ടി ഭൂതലപൃഷ്ഠം മുഴുവനും വിരിക്കുക. ഞാനും ഈ സപ്തമാതൃക്കൾ എല്ലാവരും ആയുധങ്ങൾകൊു ഈ രക്തബീജന്മാരെ വീും വീും ഛേദിച്ചു പൊടുന്നനവെ നിന്റെ മുഖഗഹ്വരത്തിലേക്കു തള്ളിവിടാം. നീ വേഗം ഭക്ഷിച്ചുകൊൾക! അമിതപരാക്രമികളായ ഇവരുടെ രക്തങ്ങൾ പാനം ചെയ്തിട്ടു നീ വിജയം സമ്പാദിക്കുക.

ഇത്യുക്താ ത്വടിതി ശിവേ! ത്വയാഥ കാളീ
ത്വച്ഛക്തിപ്രഹിതമഹാസ്ത്രഭിന്നഗാത്രാൻ
ദൈത്യാംസ്താംസ്തതരസനാപ്രവിഷ്ടജൃംഭ-
സ്തദ്രക്തപ്രസൃതി, രസാവശേഷമാദത്. 7

ഹേ ശിവേ! അനന്തരം ഇങ്ങിനെ അങ്ങയാൽ ആജ്ഞാപിക്കപ്പെട്ട ഈ കാളി അങ്ങുന്നും സപ്തമാതൃക്കളും വിടുന്ന ഘോരായുധങ്ങളേറ്റു ദേഹങ്ങൾ മുറിഞ്ഞുവീഴുന്ന ആ അസുരന്മാരെ, നീട്ടി വിരിച്ച നാവിലേക്കു തള്ളിവരുന്ന വളർന്ന രക്തപ്രവാഹങ്ങളോടൊപ്പം മുഴുവനും ഭക്ഷിച്ചു.

ഉദ്ഭ്രാമൃത്തരസനാഗ്നികീലദീപ്യ-

ച്ചാമുണ്ഡാ വിവൃതഗഭീരവക്ത്രകുണ്ഡേ
നിശ്ശേഷം രുധിരഭുവാം ഹവിംഷി കൃത്താ-
ന്യംഗാനി ദ്രുതമജഹോരനല്പശക്തിഃ. 8

അപരിമിതശക്തിയായ നിന്തിരുവടി, ഇളകിക്കൊിരിക്കുന്ന നാവാകുന്ന അഗ്നിജ്വാലയാൽ കത്തിക്കാളുന്ന ആ ചാമുണ്ഡയുടെ പിളർന്ന മുഖഗഹ്വരമായ ഹോമകുണ്ഡത്തിൽ അറുത്തുവീഴ്ത്തുന്ന രക്തബീജന്മാരുടെ അവയവങ്ങൾ മുഴുവനും ഹവിസ്സുകളാക്കി വേഗം ഹോമിച്ചു.

ആനർത്തി ത്രിദശവധൂഭിരാത്തഹർഷം
നിർഘ്ലോഷൈർഘനമുദജ്യംഭി ദുന്ദുഭീനാം
ഉദ്ഗീതന്ത്വപി ദിവി കിന്നരാംഗനാഭിഃ
സന്തുഷ്ടൈരജനി തദാ സതാം മനോഭിഃ. 9

ആ സമയം ദേവസുന്ദരിമാർ സന്തോഷപൂർവ്വം നൃത്തംതുടങ്ങി. ഭേരീഘ്ലോഷങ്ങൾ തിങ്ങിമുഴങ്ങി. കിന്നരനാരികൾ ആകാശത്തിൽവച്ചു സംഗീതം തുടങ്ങി. സജ്ജനങ്ങളുടെ മനസ്സുകൾ സന്തോഷത്തിൽ മുങ്ങി.

ഗീർവ്വാണൈരലമഭിവൃഷ്യ പുഷ്പജാലം
വേദൈസ്ത്വം മുനിഭിരപി സ്തുതാതിഹൃഷ്ടൈഃ
ഭൂയോളപി പ്രിയകരണേ സമുദ്യതൈഷാംഞ്ച
തുഷ്ടാ മേ ദിശ ശമുമേ! നിഹത്യ ദസ്യൂൻ. 10

പരമസന്തുഷ്ടന്മാരായ ദേവന്മാരും മുനികളും വളരെ പൂമഴപെയ്ത് വേദങ്ങൾകൊു നിന്തിരുവടിയെ സ്തുതിച്ചു. ഇങ്ങിനെ പിന്നെയും സന്തുഷ്ടയായിത്തന്നെ ഇവരുടെ ഇഷ്ടകാര്യസിദ്ധിക്കായി പുറപ്പെട്ട ശ്രീപാർവ്വതി! അങ്ങുന്നു എന്റെ ശത്രുക്കളെ (രാഗം, ദ്വേഷം മുതലായ മാനസശത്രുക്കളെ) നശിപ്പിച്ചു സുഖം തരേണമേ.

നവമസർഗ്ഗഃ

സുംഭഃ സമീക്ഷ്യ ഭഗിനീസുതഘ്നാതമാരാത്
സംരംഭശോകവിവശോളപി ബലീനിസുംഭഃ
ദ്യാവപ്യമൂ ദൃഢധിയൗ കില ദേവി! ഹന്തു-
മത്യുഗ്രശസ്ത്രവിമുചാവഭിജഗ്മതുസ്ത്വാം. 1

ഹേ ദേവി! സുംഭനും നിസുംഭനും ഭാഗിനേയന്റെ വധത്തെ അടുത്തുനിന്നു കാൺകയാൽ കോപത്താലും ശോകത്താലും വിവശന്മാരായിത്തീർന്നുവെങ്കിലും ബലിഷ്ഠന്മാരായ ഈ രുപേരും ഒരുമിച്ചു അങ്ങയെ ഹനിപ്പാൻ ഉറപ്പായി വിളംബരപ്പെടുത്തി. അതിഭയങ്കരങ്ങളായ ആയുധങ്ങൾ വർഷിച്ചുകൊു അങ്ങയോടു നേരിട്ടു.

യുദ്ധം തയോർദ്ധുതതുലം തുമുലം ത്വയാസീ-
ദക്ഷൗഹിണീപതിഗണസ്യ തു മാതൃഭിശ്ച
യത്നാസുഗൈർനഭസി സംഗലിതേ ചമൂത്ഥൈ-
ർഭ്രാന്തം ക്ഷിതൗ നിരവകാശതയാ രജോഭിഃ. 2

ആ സുംഭനിസുംഭന്മാരും അങ്ങുന്നും തമ്മിലും അക്ഷൗഹിണീനാഥന്മാരായ അസുരവീരന്മാരുടെ സംഘവും സപ്തമാതൃക്കളും തമ്മിൽത്തമ്മിലും അനുപമമായ തുമുലയുദ്ധം (തമ്മിൽത്തമ്മിൽ സങ്കലിതമായിച്ചെയ്യുന്ന യുദ്ധം) തുടങ്ങി. അപ്പോൾ അസ്ത്രങ്ങൾകൊു ആകാശവും സേനാസമൂഹം മൂലം ഭൂതലവും നിറയുകയാൽ സേനകളുടെ ചവിട്ടുകളിൽനിന്നു പൊങ്ങിപ്പൊങ്ങിവരുന്ന പൊടികൾക്ക് ഭൂമിയിലും ആകാശത്തിലും സ്ഥലം ലഭിക്കാതെ ചുറ്റിത്തിരിയേതായിവന്നു.

യത്രാശുഗോദ്ധുതകബന്ധവിലാസഭാജാ-
മാത്മാങ്കദേശമവിരോധമുപേയുഷീണാം
സംയോഗമേത്യ നിതരാമസൃഗാപഗാനാം
രക്താശയാഃ സ്ഫുടമപാം പതയോ ബഭൂവുഃ. 3

പോർക്കളത്തിൽ അസ്ത്രങ്ങളാൽ തലയറുത്തിട്ടു തുള്ളുന്ന ശരീരങ്ങളോടൊപ്പം (കാറ്റടിച്ചുകയറുന്ന വെള്ളപ്പൊക്കത്തോടൊപ്പം) തങ്ങളുടെ

അഴിമുഖങ്ങളിലേക്ക് കുതിച്ചൊഴുകുവാൻ യാതൊരു പ്രതിബന്ധവും ഇല്ലാതെ വരുന്നവയായ വളരെ രക്തനദികളുമായി ഒന്നായി കൂടിച്ചേർന്ന സമുദ്രങ്ങൾ വ്യക്തമായി രക്തമയങ്ങളായിത്തീർന്നു. മറ്റൊരു വ്യംഗ്യാർത്ഥം - സമുദ്രങ്ങളായ പുരുഷന്മാർ തങ്ങളുടെ മടിയിൽ കയറിയിരിപ്പാൻ യാതൊരു തടസ്ഥവുമില്ലാതെ വരുന്ന രക്തനദികളാകുന്ന സ്ത്രീകളുടെ സംയോഗംനിമിത്തം വളരെ അനുരക്തന്മാരായി ഭവിച്ചു.

സിംഹം തതഃ പൃഥുസടാധുതിഭിന്നമേഘം
സുംഭാനുജസ്യ പൃതനാം ബഹുധാർദ്ദയന്തം
ത്വദ്വാഹനം ശിരസി ഘട്ടയതഃ ക്ഷുരപ്ര-
ച്ഛിന്നൗ ച ഖഡ്ഗഫലകൗ കുരുഷേ സ്മ രോഷാത്. 4

അനന്തരം വലിയ ജടകൾകൊ് മേഘങ്ങളെ ഇളക്കിച്ഛിന്നിച്ഛിതറിച്ചു (ആകാശത്തോളമുയർന്നിരിക്കുന്ന)കൊും നിസുംഭന്റെ സേനയെ ബഹുവിധം മർദ്ദിച്ചുകൊുമിരിക്കുന്ന അങ്ങയുടെ വാഹനമായ സിംഹത്തിന്റെ തലയിൽ പ്രഹരിക്കുന്ന ആ നിസുംഭന്റെ വാളും പരിചയും അങ്ങുന്ന് കോപിച്ച് 'ക്ഷുരപ്രം' എന്ന ആയുധംകൊു വെട്ടിവീഴ്ത്തി.

ഛിത്വാഥ തത്പ്രഹിതശക്തിഗദാദ്യനേക-
ശസ്ത്രാണി ചണ്ഡി! ശിതചക്രമുഖായുധൈസ്ത്വം
ഭൂയോപ്യഭീതമുരുശൂലധരം നദന്തം
ചിക്ഷേപിഥൈനമവനൗ ശരഘാതമുച്ചൈഃ. 5

പിന്നീട് നിസുംഭൻ വേൽ, ഗദ തുടങ്ങിയ അനേകം ആയുധങ്ങളെ അങ്ങയിൽ പ്രയോഗിച്ചു. ഹേ ചണ്ഡി! മൂർച്ചകൂടിയ ചക്രം മുതലായ ആയുധങ്ങൾകൊു നിന്തിരുവടി അവയെ മുഴുവനും ഛേദിച്ചുവിട്ടു. വീും ഭയമില്ലാതെ ശൂലവും ധരിച്ചു അട്ടഹസിച്ചു നേരിടുന്ന ആ നിസുംഭനെ വളരെ ശരവർഷം തൂകി ഭൂമിയിൽ വീഴ്ത്തി.

യുക്തഃ സ്ഫുരത്തരമഹാധനുഷാഞ്ജനാഭഃ
കല്പാന്തമേഘ ഇവ ഗർജ്ജിതകമ്പിതാശഃ
സുംഭസ്ത്വദൈക്ഷ്യത ഗതവാംവികിരൻ കദംബ-
മാരാത് പ്രസാരിത മരുദ്ഭയദാഭിവേശഃ. 6

സുംഭനേയും പ്രളയകാലമേഘത്തോടു സാദൃശ്യപ്പെടുത്തിപ്പറയുന്നു - അപ്പോൾ അഞ്ജനംപോലെ കറുപ്പുനിറമുള്ളവനും ഉജ്ജ്വലിക്കുന്ന മഹാധനുസ്സോടു (മഴവില്ലോടു)കൂടിയവനും ഗർജ്ജനങ്ങൾ (ഇടിമുഴക്കം) കൊു ദിക്കുകളെ വിറപ്പിക്കുന്നവനും ദൂരം ദൂരം നിരന്നു നില്ക്കുന്ന ദേവന്മാരിൽ ഭയം നല്കുന്ന പുറപ്പാടൊടുകൂടിയവനും (അടുത്തുവ്യാപിച്ചുകൊിരിക്കുന്ന ഭയങ്കരമായ കൊടുങ്കാറ്റോടുകൂടിയതും) ശരവർഷം (മഴ) പെയ്യുന്നവനും ആയ സുംഭൻ പ്രളയകാലമേഘംപോലെ അങ്ങയുടെ ദൃഷ്ടിയിൽപ്പെട്ടു.

അക്ഷൗഹിണീവൃതമിമം രഥിനം സമീക്ഷ്യ

വിസ്ഫാര ശംഖരവകമ്പിതദിക്തടാ ത്വം
രേ തിഷ്ഠ! തിഷ്ഠ! ഖല! ധീരമിതിബ്രുവാണാ
സൂതം ധ്വജം ച ധനുരസ്യ ശരൈർവ്യലാവീഃ. 7

അക്ഷൗഹിണികളാൽ പരിവൃതനായി തേരിൽ കരേറിവരുന്ന ആ സുംഭനെ അങ്ങുന്ന് കസമയം ചാപഘോഷംകൊും ശംഖനാദംകൊും, എട്ടുദിക്കുകളേയും കുലുക്കിക്കൊു, നില്ലെടാ! നില്ലെടാ! എന്ന് ആ ഖലനോട് ധീരമായി പോരിനു വിളിച്ചുകൊും ശരങ്ങളെയ്ത് അവന്റെ രഥധ്വജത്തേയും തേരാളിയേയും വില്ലിനേയും മുറിച്ചുവിട്ടു.

ഭീമോത്കയാപി മഹതീമമുനാ വിസൃഷ്ടാം
ശക്തീം നിവാര്യ ബഹുശസ്ത്രതതീം മഹാസ്ത്രൈഃ
വിദ്ധസ്ത്വയാഥ ഹൃദി പിഷ്ട ചമൂസമൂഹഃ
ശൂലേന മോഹവിവശോ ഭുവി പാതിതോസൗ. 8

അനന്തരം സുംഭൻ അങ്ങയിൽ പ്രയോഗിച്ച വലിപ്പമുള്ള വേലിനെ 'ഉൽക്ക' (തീക്കൊള്ളി അഥവാ ഉൽക്കാസദൃശശസ്ത്രം) എന്ന ആയുധംകൊും, പലവിധമായി പ്രയോഗിച്ച ആയുധസമൂഹങ്ങളെ ദിവ്യാസ്ത്രങ്ങൾകൊും അങ്ങുന്ന് തടുത്തശേഷം ശൂലംകൊു അവന്റെ സേനകളെ കുത്തിയരച്ചുകൊു അതേ ശൂലത്താൽ അവന്റെ മാറിൽ കുത്തി മോഹിപ്പിച്ചു ഭൂമിയിൽ വീഴ്ത്തി.

സംപ്രാപ്തചേതനമഥാനുജമസ്യ മുക്ത്വാ
ചക്രായുതം യുഗപദാഗതമാത്തരോഷം
ശൂലാഭിവിദ്ധമകൃഥാ വ്യസുമസൃഭിന്നാ-
ജ്ജാതം കമപ്യസുരമപ്യുരസോളസികൃത്തം. 9

പിന്നീട്, മോഹിച്ചു വീണിരുന്ന നിസുംഭൻ മോഹം തീർന്നെഴുന്നേറ്റ്, അയുതം (പതിനായിരം അഥവാ അനവധി) ചക്രങ്ങളെ ഒരേസമയം വിട്ടയച്ചുകൊു ആങ്ങയോടു നേരിട്ടു. ആ നിസുംഭനെ അങ്ങുന്ന് ശൂലംകൊു കൊന്നു വീഴ്ത്തി. അവന്റെ പിളർന്ന മാറിൽനിന്ന് പെട്ടെന്ന് മറ്റൊരസുരൻ പുറപ്പെട്ടു. അവനെയും ഖഡ്ഗംകൊു ജീവഹാനി വരുത്തിവിട്ടു.

മൂർധ്നാ സുശീതലനവാഞ്ജനമഞ്ജുലാസ്ത്ര-
ബിന്ദുപ്രമുക്തിപുനരുക്തശിലീമുഖാം താം
സ്വീകൃത്യ സാ കുസുമവൃഷ്ടിമഥാമരീണാം
പ്രീതാ മനഃ പ്രമദമംബ! വിധേഹി മേ ത്വം. 10

ആ അവസരം ദേവസുന്ദരിമാർ പൂമഴപെയ്തു. ആ അമരവധുക്കളുടെ ശീതളങ്ങളായ ആനന്ദാശ്രുക്കൾ കണ്ണെഴുതിയ അഞ്ജനക്കറ തട്ടി നീലവർണ്ണങ്ങളായി, വർഷിക്കുന്ന പുഷ്പങ്ങളോടൊപ്പം പറന്നുവീഴുന്ന

വുകളോടുകൂടി പതിച്ച് ആ വുകളുടെ സംഖ്യയെ വർദ്ധിപ്പിച്ചു. അത്ര സുന്ദരങ്ങളായ പുഷ്പവർഷങ്ങളെ മൂർദ്ധാവുകൊ കൈക്കൊിട്ടു സന്തുഷ്ടയായ ഹേ അംബ! നിന്തിരുവടി എനിക്ക് മനസ്സന്തോഷം തരേണമേ.

ദശമസർഗ്ഗഃ

അവാപ്യ സ തു ചേതനാം സപദി ദൈത്യരാഡുത്ഥിതഃ
സമീക്ഷ്യ സഹജം നിജം നിപതിതഞ്ച സൈന്യോത്കരം
അതുല്യബലപൗരുഷോപ്യധികശോകസമ്മർദ്ദിതോ
ജഗാദ ഭവതീം കുധീർമ്മിളിതസന്നിധിം മാതൃഭിഃ. 1

മോഹിച്ചുവീണ ആ സുംഭനാകട്ടെ, പൊടുന്നനെ ചൈതന്യംപൂ
ഴുന്നേറ്റ്, മരിച്ചുകിടക്കുന്ന തന്റെ അനുജനേയും അതേവിധമായ സേനാ
സമൂഹത്തേയും കിട്ട്, അമിതമായ ബലപൗരുഷങ്ങളോടുകൂടിയവനാ
ണെങ്കിലും അധികമായ ദുഃഖത്താൽ മർദ്ദിക്കപ്പെട്ടവനായിട്ട്, ദുഷ്ടബുദ്ധി
യാകയാൽ സപ്തമാതൃക്കളോടു കൂടിയിരിക്കുന്ന അങ്ങയോടു ഇങ്ങിനെ
പറഞ്ഞു.

യദി ത്വമസി കേവലാ സമര ഏവ ജേതാസ്മ്യഹം
ബലൈസ്ത്വമബലേ! ധ്രുവം ജയസി തത്പരാ സാമിഹ
ത്വമിത്യഭിഹിതാ ഗദീസ്തനുനിലീന മാതൃവ്രജാ
തമാശു ജഡ! യുദ്ധ്യതാം ഝടിതി യാവദേകാസ്മ്യഹം. 2

നീ കേവലം ഒരുവൾ മാത്രമായി നേരിടുന്നെങ്കിൽ ഈ സമരത്തിൽ
വിജയിയായിത്തീരുന്നത് ഞാൻ തന്നെയാണ്. ഹേ അബലേ! നീ ജയിക്കു
ന്നത് മറ്റുള്ളവരുടെ (സപ്തമാതൃക്കളുടെയും മറ്റും) ബലങ്ങൾ കൊാ
ണെന്നത് തീർച്ചയാണ്. എന്നിങ്ങിനെ അവന്റെ വാക്കുകേട്ടപ്പോൾ അങ്ങുന്ന്
മാതൃസമൂഹത്തെ തന്നിൽ ലയിപ്പിച്ചുകൊ് ആ സുംഭനോട് അരുളിച്ചെ
യ്തു. ഹേ ജഡ! ഇതാ ഞാൻ കേവലം ഒരുവളായിത്തീർന്നിരിക്കുന്നു.
വേഗം പോരിന് ഒരുങ്ങിയാലും. യാവൽ എന്ന ശബ്ദധ്വനികൊ് ഞാൻ
എത്രത്തോളം ഏകയായിരിക്കുന്നുവോ അത്രത്തോളം പോരാടിക്കൊൾക.
എന്നാൽ ഞാൻ എന്നും ഏകയല്ലാതെ അനേകയല്ല എന്നു സാരം.

തതോ ഗഗനസഞ്ചലദ്വിവിധ ദിവ്യശസ്ത്രോത്കര-
പ്രസൃത്വരഖരപ്രഭാസമഭിതപ്ത ലോകത്രയം
പ്രകമ്പിതമഹീതലം ക്ഷുഭിതസാഗരം ഭീഷണം
തവാജനി സുരദ്വിഷാ സമമനേന ജന്യം ശിവേ. 3

അനന്തരം ഹേ ശിവേ! ദേവവൈരിയോടുകൂടി അങ്ങയുടെ അതിഭയങ്കരമായ സമരമുായി. ആ യുദ്ധത്തിൽ ആകാശത്തിൽ പറന്നുകൊിരിക്കുന്ന പലവിധ ദിവ്യായുധങ്ങളുടെ സമൂഹങ്ങളിൽനിന്നു പ്രസരിക്കുന്ന തീക്ഷ്ണരശ്മികൾ മുപ്പാരിനേയും തപിപ്പിച്ചു; ഭൂതലം കുലുങ്ങി; സമുദ്രങ്ങൾ കലങ്ങി.

പരസ്പരമനേകശഃ കുപിതയോർഭൃശം യുദ്ധ്യതോർ-
മ്മഹാസ്ത്രനികരാനപി പ്രഹരതോ മുഹുർഭിന്ദതോഃ
സഹസ്രമതുലൗജസോസ്ത്രിദശവത്സരാണാം ഗതം
ബഭൂവ യുവയോഃ കില ക്ഷണവദക്ഷതോത്സാഹയോഃ. 4

പലവട്ടം പരസ്പരം ഏറ്റവും കോപിച്ചും കൂടെക്കൂടെ ദിവ്യാസ്ത്രപരമ്പരകൾ പ്രയോഗിച്ചും അവയെ അപ്പോഴപ്പോൾ പരസ്പരം ഖണ്ഡിച്ചും ക്ഷയം തട്ടാത്ത ഉത്സാഹമുള്ളവരും അസാമ്യതേജസ്സോടുകൂടിയവരും ആയ അങ്ങേക്കും സുംഭന്നും, സമരം ചെയ്തുകൊിരിക്കെ ആയിരം ദിവ്യവത്സരങ്ങൾ ഒരു ക്ഷണനേരംപോലെ കഴിഞ്ഞുവത്രെ.

മഹാസമരചാതുരിം സതി! വിലോക്യ തത്താദൃശീം
സുവിസ്മിതധിയാം ഗണേ സുമനസാം മുനീനാമപി
പ്രശംസതി തഥാംബികേ! ജയ ജയേതി തസ്യാശുഗൈഃ
പ്രഹർത്തുരപി സാരഥീം ലുലവിധേഷുധീം കാർമ്മുകം.05

ഹേ ദാക്ഷായണി! അപ്രകാരം അനുപമമായ ആ സമരസാമർത്ഥ്യംകുകൊു വിസ്മയകുലന്മാരായ ദേവന്മാരും മഹർഷിമാരും ഹേ ജനനി! അങ്ങുന്നു ജയിക്കേണമേ എന്നു പ്രശംസിച്ചുകൊിരിക്കെ അങ്ങുന്നു - അങ്ങേ പ്രഹരിച്ചുകൊിരിക്കുന്നവനാണെങ്കിലും - അവന്റെ തേരാളിയേയും ആവനാഴിയേയും വില്ലിനേയും അസ്ത്രങ്ങൾകൊു ഛേദിച്ചു.

ശക്ത്യാദ്യായുധസഞ്ചയാനപി മുഹുസ്തേന പ്രയുക്താംസ്തതോ
ഭിന്ദാനാതിരുഷാ കഥഞ്ചിദനഘേ! നീതാ കിലാഭ്രം ശിവേ!
സത്രാതത്രചിരം ഭയങ്കരതരം കൃത്വാനി യുദ്ധം ബഹു
പ്രോത്ഗൃഹ്യൈനമധോക്ഷിപോ ഭുവി ഭുജാഭ്യാം ഭ്രാമയിത്വാ ക്ഷണാത്. 6

അനന്തരം ഹേ നിർമ്മലേ! സുംഭനാൽ കൂടെക്കൂടെ പ്രയോഗിക്കപ്പെട്ട വേൽ തുടങ്ങിയ ആയുധസമൂഹങ്ങളെ നിന്തിരുവടി പിന്നെയും പിന്നെയും ഖണ്ഡിച്ചു. ഹേ ശിവേ! ആ സുംഭൻ അതിരോഷത്തോടുകൂടി ആകാശത്തിലേക്കു പൊങ്ങി അങ്ങയെ അങ്ങോട്ടാകർഷിച്ചു. അവിടെവച്ചും പരസ്പരം വളരെ ദ്വന്ദ്വയുദ്ധം ഉായശേഷം അങ്ങുന്നു രുത്യക്കൈകൾകൊും ഇവനെ കടന്നുപിടിച്ചു വലിച്ചു ചുഴറ്റി കീഴിൽ ഭൂമിയിലേക്കു വലിച്ചെറിഞ്ഞു.

ക്ഷിപ്തോന്തരിക്ഷാത്ത്രഭമിഭംഗിഭിഃ സ
ക്ഷിതിം പ്രപദ്യാശു നിയമ്യ മുഷ്ടിം
ത്വാമഭ്യഗാദ്ദേവി! നിഹന്തുകാമോ
മഹാഞ്ജനാദ്രിപ്രതിമഃ സുരാരിഃ. 7

ആകാശത്തിൽനിന്നു വട്ടംചുറ്റിച്ചു ഭൂമിയിൽ വലിച്ചെറിയപ്പെട്ട വലിയ നീലപർവ്വതത്തോടു തുല്യനായ ആ അസുരൻ വേഗത്തിൽ എഴുന്നേറ്റു മുഷ്ടികൾ ചുരുട്ടിപ്പിടിച്ചു ഹേ ദേവി! അങ്ങയെ വധിപ്പാൻ എതിരിട്ടു.

മുഹുരപി സുദൃഢാംഘ്രിക്ഷേപണൈശ്ചാലയന്തം
ക്ഷിതിമമരരിപൂണാമീശിതാരം സുഘോരം
അഥ തമഭിപതന്തം തേന ശൂലേന ഭിത്വാ
ഹൃദി ഗളദസുമുർവ്വ്യാം പാതയാമാസിഥോച്ചൈഃ. 8

